بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 10

ലക്കം 06

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 ഫെബ്രുവരി 06/ഹി.ശം 1404 തബ്‌ലീഗ് 06/ഹി:ഖ 1446 ശഅ്ബാൻ 07

## അല്ലാഹുവിന്റെ വചനം

يٰۤاَيُّهَا النَّاسُ اعۡبُدُوۡا رَبَّكُمُ الَّذِىۡ خَلَقَكُمۡ وَالَّذِيۡنَ مِنۡ قَبۡلِكُمۡ لَعَلَّكُمۡ تَتَّقُوۡنَ

(سورۃ البقرۃ:22)

അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

# ഇക്കാലഘട്ടത്തിന്നിടയിൽ ഇസ്‌ലാമിനുമേൽ വന്നു പതിച്ചിട്ടുള്ള ഫിത്നയെ അകറ്റുന്നതിൽ കുറച്ചു പങ്കുവഹിക്കുക എന്നത് ഒരു മുസ്‌ലിമിന് നിർബന്ധമാണ്.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### വിധിക്കപ്പെട്ട കാര്യം

"ഇപ്പോൾ നമ്മുടെ എതിരാളികളിൽനിന്ന് ധാരാളമാളുകൾ നമ്മുടെ ജമാഅത്തിൽ പ്രവേശിക്കാൻ വിധിക്കപ്പെട്ടവരായിട്ടുണ്ട്. അവർ എതിർക്കുന്നുണ്ട്. പക്ഷേ, മലക്കുകൾ അവസാനം നിങ്ങൾ അക്കൂട്ടരിൽത്തന്നെ ചേരുന്നവരാണെന്ന് കണ്ട് അവരെ നോക്കി ചിരിക്കുന്നു. അവർ നമ്മുടെ മറഞ്ഞിരിക്കുന്ന ജമാഅത്താണ്. അവർ നമ്മോടൊപ്പം ഒരു നാൾ ചേരുന്നതായിരിക്കും.

### ഇക്കാലഘട്ടത്തിലെ വലിയ ഇബാദത്ത്

ഇക്കാലഘട്ടത്തിന്നിടയിൽ ഇസ്‌ലാമിനുമേൽ വന്നു പതിച്ചിട്ടുള്ള ഫിത്നയെ അകറ്റുന്നതിൽ കുറച്ചു പങ്കുവഹിക്കുക എന്നത് ഒരു മുസ്‌ലിമിന് നിർബന്ധമാണ്. ഈ ഫിത്ന അകറ്റുന്നതിൽ എല്ലാ ഓരോരുത്തരും ഭാഗഭാക്കുക എന്നതുതന്നെയാണ് വലിയ ഇബാദത്ത്. ഇക്കാലത്ത് വ്യാപിച്ചിട്ടുള്ള തിന്മകളും അപമര്യാദകളും, തങ്ങളുടെ പ്രസംഗംകൊണ്ടും അറിവുകൊണ്ടും അയാൾക്ക് നല്കപ്പെട്ടിട്ടുള്ള സർവശക്തിയോടും ആത്മാർഥമായ പരിശ്രമത്തോടുംകൂടി ലോകത്തുനിന്ന് ഉന്മൂലനം ചെയ്യുക. ഈ ലോകത്ത് ആർക്കെങ്കിലും സൗഖ്യവും ആനന്ദവും കിട്ടിയിട്ടുണ്ടെങ്കിൽ എന്തുഫലമാണുള്ളത്? ഈ ലോകത്തുതന്നെ പ്രതിഫലം പറ്റിയാൽ എന്താണ് കരസ്ഥമായത്? പരലോകത്തിലെ പ്രതിഫലമെടുക്കുക. അതിന് പരിധിയില്ല. എല്ലാ ഓരോരുത്തർക്കും തൗഹീദിനും തഫ്‌രീദിനും വേണ്ടി അതായത് ഏകദൈവാദർശത്തിനും ഏകത്വത്തിനുംവേണ്ടി, അല്ലാഹുവിനു തന്റെ തൗഹീദിന്റെ ആവേശമുള്ളതുപോലെ ആവേശമുണ്ടാകേണ്ടതാണ്. ലോകത്ത് ഇത്തരത്തിലുള്ള മള്‌ലൂം അതായത് മർദിക്കപ്പെട്ടവൻ എവിടെ കിട്ടുമെന്ന് ചിന്തിക്കുക; നമ്മുടെ നബി(സ)തിരുമേനിയെപ്പോലെ! ആ മഹാത്മാവിനുനേരെ എറിയപ്പെടാത്തതായ ഒരു മാലിന്യവും ചീത്തയും ശകാരവും ഉണ്ടായിരുന്നില്ല. ഇത് മുസ്‌ലിമീങ്ങൾ മൗനം പാലിച്ചിരിക്കേണ്ട സമയമാണോ? ഈ നേരത്ത് ആരും എഴുന്നേറ്റു നിൽക്കാതിരിക്കുകയും സത്യത്തിന് സാക്ഷ്യം പറഞ്ഞ് കള്ളന്മാരെ നിരുദ്ധകണ്ഠരാക്കാതിരിക്കുകയും അവിശ്വാസി നിർലജ്ജം നമ്മുടെ നബിയുടെമേൽ അപവാദം പറഞ്ഞുകൊണ്ടിരിക്കാൻ അനുവദിക്കുകയും ജനങ്ങളെ വഴിപിഴക്കാൻ വിടുകയും ചെയ്യുകയാണെങ്കിൽ ഓർക്കുക അവൻ നിസ്സംശയം വലിയ വിചാരണയുടെ കീഴിലാണുള്ളത്. നിങ്ങൾക്കുള്ള അറിവും പരിചയവും ഈ മാർഗത്തിൽ ചെലവഴിക്കേണ്ടതാണ്. ജനങ്ങളെ ഈ നാശത്തിൽനിന്ന് രക്ഷിക്കുക. ഹദീഥിൽനിന്ന് സ്ഥാപിതമാകുന്നുണ്ട്, നിങ്ങൾ ദജ്ജാലിനെ വധിക്കുന്നില്ലെങ്കിൽത്തന്നെയും അവൻ മരിക്കുകതന്നെ ചെയ്യും. പഴഞ്ചൊല്ല് പ്രസിദ്ധമാണ്. എല്ലാ ഉയർച്ചയ്ക്കും ഒരു താഴ്ചയുണ്ട്. 13-ാം നൂറ്റാണ്ടുമുതൽ ഈ ആപത്തുകൾ ആരംഭിച്ചു. ഇനി അത് അവസാനിക്കേണ്ട സമയം അടുത്തിരിക്കുകയാണ്. അതുകൊണ്ട് കഴിയുന്നിടത്തോളം പരിപൂർണമായും ശ്രമിക്കുക എന്നത് ഓരോരുത്തരുടേയും നിർബന്ധകടമയാണ്. പ്രകാശവും വെളിച്ചവും ജനങ്ങൾക്ക് കാണിച്ചുകൊടുക്കുക." *(മൽഫൂദാത്ത് വാല്യം 1, പേജ് 355-357, പ്രസാധനം 2018 ഖാദിയാൻ)*

# അഹ്മദിയ്യ കേന്ദ്രമായ ഖാദിയാൻ ദാറുൽഅമാനിൽ 129-ാമത് ജൽസസാലാന വിജയകരമായി സമാപിച്ചു.

**നബി(സ)തിരുമേനി മസീഹ് മൗഊദിന്റെ അടയാളമെന്ന നിലയിൽ പറഞ്ഞിരുന്ന എല്ലാ പ്രവചനങ്ങളും പുലർന്നു. അദ്ദേഹം ലോകത്തെ ക്ഷണിച്ചു. പ്രത്യേകിച്ചും മുസ്‌ലിമീങ്ങളെ ക്ഷണിച്ചു. നബി(സ)തിരുമേനിയുടെ പ്രവചനങ്ങളെ നോക്കാനും അതിൽ ചിന്തിക്കാനും മനസ്സിലാക്കാനും ഇതിലാണ് സൗഭാഗ്യമുള്ളതെന്നും പറഞ്ഞു. ഇതിലാണ് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കൽപനകളുടെ നിറവേറ്റലുള്ളതും.** **(ബദ്ർ വാല്യം 10 ലക്കം 5 പേജ് 10 കോളം 2-ൽനിന്ന് തുടർച്ച....)**

### 2024 ഡിസംബർ 28 ശനിയാഴ്ച രണ്ടാം ദിവസം ആദ്യസമ്മേളനം

ഈ സമ്മേളനം സെക്രട്ടറി മജ്‌ലിസ് കാർപർദാസ് ബിഹിശ്തി മഖ്ബറ ബഹുമാനപ്പെട്ട മുനീർ അഹ്മദ് സാഹിബ് ഹാഫിളാബാദിയുടെ അധ്യക്ഷതയിൽ ആരംഭിച്ചു. മുത്തഅല്ലിം ജാമിഅ അഹ്മദിയ്യ ഖാദിയാൻ അസീസം ശേയ്ഖ് മുഹമ്മദു യഹ്‌യാ വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. നാഇബ് നാളിർ ഇസ്‌ലാഹ് വ ഇർശാദ് ജുനൂബി ഹിന്ദ് മൗലവി അബ്ദുൽവക്കീൽ നിയാസ് സാഹിബ് ഖാദിയാൻ തർജമ കേൾപ്പിച്ചു. യാസിർ അഹ്മദ് നാഇക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ

"ഹമേ ഉസ് യാർസെ തഖ്‌വാ അതാ ഹെ
ന യെ ഹം സെ കെ ഇഹ്സാനെ ഖുദാ ഹെ"

എന്ന പദ്യത്തിന്റെ ചില വരികൾ ഹൃദയത്തെ തൊട്ടുണർത്തുംവിധം ആലപിച്ചു.

ഈ യോഗത്തിലെ ആദ്യത്തെ പ്രസംഗം അഡീഷണൽ നാളിർ ഇസ്‌ലാഹ് വ ഇർശാദ് നൂറുൽ ഇസ്‌ലാം ഖാദിയാൻ ത്വാരിഖ് അഹ്മദ് സാഹിബിന്റേതായിരുന്നു. "ആഗോളയുദ്ധത്തിന്റെ ദൂഷ്യഫലങ്ങളിൽനിന്ന് സുരക്ഷിതരാകുന്നതിന് ഹുദൂർ അയ്യദഹുല്ലായുടെ മാർഗ നിർദേശങ്ങൾ" എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗവിഷയം. സൂറ ബനീ ഇസ്‌റാഈലിലെ 16-ാമത്തെ വചനം പാരായണം ചെയ്തുകൊണ്ടാണ് അദ്ദേഹം പ്രസംഗം ആരംഭിച്ചത്. തർജമ കേൾപ്പിച്ചതിനുശേഷം പ്രവചനങ്ങളെ സംബന്ധിച്ചുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രണ്ട് ഉദ്ധരണികൾ കേൾപ്പിച്ചു.

അദ്ദേഹം പറഞ്ഞു: സകല മനുഷ്യരും ഇക്കാലഘട്ടത്തിൽ അസമാധാനത്തിന്റെ ഇരകളാണ്. ശാന്തിയും സമാധാനവും ഇല്ലാതായിരിക്കുന്നത് സ്വന്തം കണ്ണുകൾകൊണ്ട് കണ്ടുകൊണ്ടിരിക്കുന്നു. ചെവിയിലൂടെ കേട്ടുകൊണ്ടിരി

ശേഷം പേജ് 8 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്വ്ബ ജുമുഅ

**"അല്ലയോ ഇബ്നു ഔഫേ!ഈ പതാക കൈയിലേന്തുക! പിന്നെ നിങ്ങളെല്ലാവരും അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദിന് പുറപ്പെടുക. നിഷേധികളുമായി പൊരുതുക. പക്ഷേ, വിശ്വാസ വഞ്ചന കാണിക്കരുത്. വാഗ്ദാനം ലംഘിക്കുകയുമരുത്. ശത്രുക്കളുടെ മൃതദേഹങ്ങൾ വികൃതമാക്കരുത്. കുട്ടികളെ വധിക്കരുത്. ഇത് അല്ലാഹുവിന്റെ കൽപ്പനയും അവന്റെ പ്രവാചകന്റെ ചര്യയുമാകുന്നു."**

**ഈ നിവേദനത്തിൽ നിവേദകൻ സ്ത്രീകളുടെ കാര്യം മറന്നു പോയെന്നാണ് തോന്നുന്നത്. മറ്റിടത്തെല്ലാം വ്യക്തമായും സ്ത്രീകളുടെ കാര്യം വരുന്നുണ്ട്. ഏതെങ്കിലും സൈന്യത്തെ അയക്കുകയാണെങ്കിൽ നബിﷺതിരുമേനി സ്ത്രീകളേയും വൃദ്ധരേയും മതകാര്യങ്ങൾക്കുവേണ്ടി ജീവിതം അർപിച്ചവരെയും വധിക്കരുതെന്ന് താക്കീതുചെയ്തു പറയുമായിരുന്നു.**

**സരിയഃ സയ്ദ് ബിൻ ഹാരിഥ, സരിയഃ വാദിൽഖുറാ, സരിയഃ അബ്ദുർറഹ്മാൻ ബിൻ ഔഫ്, സരിയഃ അലി ബിൻ ത്വാലിബ്, സരിയഃ ഹദ്റത്ത് അബൂബക്ർ തുടങ്ങിയ യുദ്ധങ്ങളുടെ കാരണങ്ങളേയും അവസ്ഥകളേയും സംഭവങ്ങളേയും കുറിച്ചുള്ള വിവരണം.**

**ഹദ്റത്ത് മുസ്ലിഹ് മൗഊദ്ؓന്റെ നിർദേശ പ്രകാരം വിഭജന കാലത്ത് 313 ദർവേശുമാർ ഖാദിയാനിൽ താമസിച്ചു. ബഹുമാനപ്പെട്ട ത്വയ്യിബ് അലി സാഹിബ് ബംഗാളി ആ ദർവേശുമാരിൽ അവസാനത്തെ ആളായിരുന്നു. അദ്ദേഹം വഫാത്തായി. ഇനി ഖാദിയാനിൽ ഒരു ദർവേശും ബാക്കിയില്ല. ഈ വർഷത്തെ ഖാദിയാനിലെ ജൽസ ദർവേശുമാരുടെ സാന്നിദ്ധ്യമില്ലാത്ത ആദ്യത്തെ ജൽസയാകുന്നു. ഇന്ന് അതാരംഭിക്കുകയാണ്. ഇനി ഖാദിയാനിൽ വസിക്കുന്ന പുതിയ തലമുറ ഈ ത്യാഗം ചെയ്ത മഹാത്മാക്കളുടെ പാരമ്പര്യം നിലനിറുത്തിക്കൊണ്ട് കൂറോടും ആത്മാർഥതയോടുംകൂടി ഖാദിയാനിൽ ജീവിക്കേണ്ടതാണ്. അല്ലാഹു അവർക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.**

**ബഹുമാനപ്പെട്ട ത്വയ്യിബ് അലി സാഹിബ് ബംഗാളി ദർവേശ് ഖാദിയാൻ, മിർസാ മുഹമ്മദുദ്ദീൻ സാഹിബ് നാസ് സ്വദ്ർ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ റബ്‌വ പാക്കിസ്താൻ, അക്മുറാത്ത് ഖാക്കീവ് സാഹിബ് നാഷണൽ സ്വദ്ർ അഹ്മദിയ്യ ജമാഅത്ത് തുറക്കുമനിസ്താൻ എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.**

**ഖുത്വ്ബ ജുമുഅ 2024 ഡിസംബർ 27, 1403 ഫതഹ് 27, മസ്ജിദ് മുബാറക്, ഇസ്ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇന്നും ചില സരിയ്യത്തുകളെ അഥവാ യുദ്ധനടപടികളെക്കുറിച്ച് പറയുന്നതായിരിക്കും. ചരിത്രത്തിൽ വരുന്ന മറ്റൊരു സരിയഃ, സരിയഃ സയ്ദ് ബിൻ ഹാരിഥഃ എന്നറിയപ്പെടുന്നു. ഈ സരിയഃ ഹിജ്റ ആറാം വർഷം ജമാദുൽ ആഖർ മാസത്തിലാണ് നടന്നത്. ഇത് ബനൂജുമാദിലേക്ക് പോകും വഴി ഹിസ്മായിലാണ് നടന്നത്. ഹിസ്മാ ബനൂ ജുമാദിലെ ഒരു പട്ടണമാകുന്നു. മദീനയിൽനിന്ന് എട്ടു രാത്രിയുടെ യാത്രാ ദൈർഘ്യമുള്ള സ്ഥലമാണിത്. അക്കാലഘട്ടത്തിലെ യാത്രാദൂരംവെച്ച് നോക്കുമ്പോൾ ഇതു വളരെ നീണ്ട യാത്രയാകുന്നു.

അല്ലാമാ ഇബ്നു ഖയ്യിം സാദുൽ മആദ് എന്ന ഗ്രന്ഥത്തിൽ പറയുന്നു: "ഈ സരിയഃ തീർച്ചയായും ഹുദയ്ബിയ സന്ധിക്കുശേഷമാണ് നടന്നത്. അതായത് ഹിജ്റ ഏഴാം വർഷം.*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓ എം.എ. പേജ് 681) (സുബുലുൽ ഹുദാ വർറശാദ് വാള്യം 6, പേജ് 89, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്) (ഫർഹങ്കെ സീറത്ത് പേജ് 102, പ്രസാധനം സവാർ അക്കാഡമി കറാച്ചി)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബുംؓ വിവിധ ചരിത്ര ഗ്രന്ഥങ്ങളുടെ വെളിച്ചത്തിൽ ഇതേക്കുറിച്ച് നിരൂപണം നടത്തിയിട്ടുണ്ട്. അദ്ദേഹം എഴുതുന്നു:'ഈ സരിയഃയുടെ ചരിത്രത്തെക്കുറിച്ച് ഒരു സംശയമുണ്ട്. അത് വിവരിക്കേണ്ടത് അനിവാര്യമാണ്. ഇബ്നു സഅ്ദും അദ്ദേഹത്തെ തുടർന്ന് മറ്റു നബി ചരിത്രകാരന്മാരും ഈ യുദ്ധനടപടി ഹിജ്റ എട്ടാം വർഷം ജമാദുൽ ആഖർ മാസത്തിലാണെന്ന് എഴുതുകയും അതാണ് ശരിയെന്ന് പറയുകയും ചെയ്തിട്ടുണ്ട്. എന്നാൽ, അല്ലാമ ഇബ്നു ഖയ്യിം സാദുൽ മആദിൽ നൽകിയ വിശദീകരണത്തിൽ ഈ സരിയഃ ഹിജ്റ ഏഴാം വർഷം ഹുദയ്ബിയ സന്ധിക്കുശേഷമാണെന്ന് പറയുന്നു. എന്നാൽ, ഇബ്നു ഖയ്യിമിന്റെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഈ സരിയഃയുടെ കാരണമായി വിവരിക്കപ്പെടുന്ന കാര്യമെന്തെന്നാൽ, ദിഹ്‌യ കൽബീ ഖയ്സ്വറുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം മദീനയിൽ തിരിച്ചു വരുകയായിരുന്നു. അദ്ദേഹത്തെ വഴിയിൽ ബനൂജുദാം കൊള്ളയടിച്ചു. നബിﷺതിരുമേനി ദിഹ്‌യയെ ഖയ്സ്വറിന്റെ അടുത്ത് കത്തുമായി അയച്ചത് ഹുദയ്ബിയ സന്ധിക്കുശേഷമായിരുന്നു എന്ന കാര്യം അവിതർക്കിതമാണ്. അതുകൊണ്ട് ഈ സംഭവം ഒരു നിലയ്ക്കും ഹുദയ്ബിയയ്ക്ക് മുമ്പേയാകാൻ തരമില്ല. ഈ തെളിവ് തികച്ചും ശുദ്ധവും വ്യക്തവുമാകുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇബ്നു സഅ്ദിന്റെ നിവേദനം തീർച്ചയായും തിരസ്കരിക്കപ്പെടേണ്ടതാണ്. പക്ഷേ, അദ്ദേഹം എഴുതുന്നു: 'എന്റെ അഭിപ്രായത്തിൽ ഇതിന്റെ മറ്റൊരു വശം കൂടിയുണ്ട്. അത് അല്ലാമ ഇബ്നു ഖയ്യിം അവഗണിച്ചിട്ടുണ്ട്. അതായത് ഖയ്സ്വറുമായുള്ള കൂടിക്കാഴ്ചയ്ക്ക് ദിഹ്‌യാ ശാമിൽ രണ്ടു തവണ പോയിട്ടുണ്ടാകാം. ഒരിക്കൽ ഹുദയ്ബിയ സന്ധിക്കു മുമ്പേ കച്ചവടാവശ്യാർഥം പോയതായിരിക്കാം. നബിﷺതിരുമേനി അദ്ദേഹത്തെ സന്ദേശവാഹകനായി നിശ്ചയിച്ചതും നേരത്തെയുള്ള അദ്ദേഹത്തിന്റെ ഖയ്സ്വറുമായി കൂടിക്കാഴ്ച കൊണ്ടായിരിക്കാം. ഈ വിശദീകരണത്തെ സാധൂകരിക്കുന്ന രീതിയിൽ ഇബ്നു ഇസ്ഹാഖ് എഴുതുന്നു: 'ഈ യാത്രയിൽ ദിഹ്‌യയുടെ പക്കൽ കച്ചവട സാധനങ്ങളുണ്ടായിരുന്നു. ഹുദയ്ബിയ സന്ധിക്കുശേഷമുള്ള യാത്രയിൽ കച്ചവട സാധനങ്ങളെ കുറിച്ച് പ്രത്യക്ഷത്തിൽ പരാമർശം കാണുന്നില്ല. ഒരുപക്ഷേ, ദിഹ്‌യയുടെ ഈ യാത്ര കച്ചവടാവശ്യാർഥം മാത്രമായിരിക്കാം. ഇബ്നു സഅ്ദ് ഉദ്ധരിക്കുന്ന നിവേദകൻ അദ്ദേഹത്തിന്റെ രണ്ടാമത്തെ യാത്രയോടൊപ്പം ഈ യാത്രയേയും കൂട്ടിച്ചേർത്ത് ഖയ്സ്വറുമായുള്ള കൂടിക്കാഴ്ചയേയും വസ്ത്രത്തേയും കുറിച്ച് അനുമാനിച്ചതാകാം. വല്ലാഹു അഅ്‌ലം.*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാ*

ഹിബ്ؓഎം.എ. പേജ് 682)

സരിയഃയെ കുറിച്ചുള്ള കാര്യങ്ങളുടെ മറ്റു വിശദീകരണങ്ങളിൽ പറയുന്നു: "ഇബ്നു ഇസ്ഹാഖ് വിവരിക്കുന്നു: 'രിഫാഅ ബിൻ സയ്ദ് ജുദാമി തന്റെ ജനതയുടെയടുക്കൽ നബിﷺതിരുമേനിയുടെ കത്തുമായെത്തി. നബിﷺതിരുമേനി അദ്ദേഹത്തിന് ഇസ്‌ലാമിന്റെ സന്ദേശം നൽകി. അവരെല്ലാവരും ഇസ്‌ലാം സ്വീകരിച്ചു. ഇതേ സമയത്ത് ഹദ്റത്ത് ദിഹ്‌യ ബിൻ ഖലീഫ കൽബീ, റോമൻ ചക്രവർത്തിയായ ഖയ്സ്വറിന്റെ അടുത്തുനിന്ന് തിരിച്ചുവരുകയായിരുന്നു. അദ്ദേഹത്തെ നബിﷺതിരുമേനി ഖയ്സ്വർ ചക്രവർത്തിയുടെ അടുത്ത് അയച്ചതായിരുന്നു. ഖയ്സ്വർ അദ്ദേഹത്തിന് സമ്മാനങ്ങൾ നല്കുകയും ഷാൾ പുതപ്പിക്കുകയും ചെയ്തു. അദ്ദേഹത്തെ ഹുനയ്ദ് ബിൻ ഊസ്വും അദ്ദേഹത്തിന്റെ മകൻ ഊസ് ബിൻ ഹുനയ്ദും വഴിയിൽ കണ്ടുമുട്ടി. ഇബ്നു സഅ്ദിന്റെ അടുത്ത് ഹുനയ്ദ് ബിൻ ആരിളും അദ്ദേഹത്തിന്റെ മകൻ ആരിള് ബിൻ ഹുനയ്ദ് സ്വുലയിയും കണ്ടു. സ്വുലയ് ഗോത്രം ജുസാമിന്റെ ഒരു ശാഖയാണ്. ഈ രണ്ടു കൂട്ടരും യുദ്ധം ചെയ്ത് എല്ലാ സാധനങ്ങളും ഹദ്റത്ത് ദിഹ്‌യയിൽ നിന്ന് പിടിച്ചെടുത്തു. അദ്ദേഹത്തിന്റെ പക്കൽ ഒരു പഴയ വസ്ത്രമല്ലാതെ ഒന്നും ബാക്കി വെച്ചില്ല. ഈ കാര്യം ബനൂ ളുബയ്ബ് അറിയാനിടയായി. ഇവർ രിഫാഅ ബിൻ സയ്ദിന്റെ ഗോത്രമായിരുന്നു. ഈ ഗോത്രം മുസ്‌ലിമായി കഴിഞ്ഞിരുന്നു. ഈ ഗോത്രക്കാർ ഹുനയ്ദിന്റെയും അയാളുടെ മകന്റെയും നേർക്ക് തിരിഞ്ഞു. അവർ ഈ രണ്ടു പേരോടും യുദ്ധം ചെയ്ത് ഹദ്റത്ത് ദിഹ്‌യയുടെ സ്വത്ത് തിരിച്ചുപിടിച്ചു. ഹദ്റത്ത് ദിഹ്‌യ നബിﷺ തിരുമേനിയുടെ അടുത്തെത്തി. നബിﷺതിരുമേനിയെ തന്റെ കാര്യങ്ങളെല്ലാം അറിയിക്കുകയും ചെയ്തു. നബിﷺതിരുമേനിയോടും ഹുനയ്ദിനോടും അയാളുടെ മകനോടും പ്രതികാരം ചെയ്യണമെന്ന് അപേക്ഷിക്കുകയും ചെയ്തു. നബിﷺതിരുമേനി ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയെ 500 ആളുകളോടൊപ്പം അയച്ചു. ഹദ്റത്ത് ദിഹ്‌യയേയും സൈന്യത്തോടൊപ്പം തിരിച്ചയച്ചു. ഹദ്റത്ത് സയ്ദ് രാത്രി സഞ്ചരിക്കുകയും പകൽ ഒളിഞ്ഞിരിക്കുകയും ചെയ്തിരുന്നു. അവരോടൊപ്പം ബനൂ ഉദ്റഹിന്റെ ഒരു വഴികാട്ടിയുമുണ്ടായിരുന്നു. മറുഭാഗത്ത് ബനൂജുദാമിന്റെ കുറച്ചു ഗോത്രങ്ങൾ സംഘടിച്ചിരുന്നു. അതിൽ ഗത്ഫാൻ ഗോത്രം മുഴുവനുമുണ്ടായിരുന്നു. കൂടാതെ വാഇൽ ഗോത്രവും കുറച്ച് സലാമാനിൽനിന്നുള്ള സഅ്ദ് ബിൻ ഹുദയ്മും ആയിരുന്നു. രിഫാഅ ബിൻ സയ്ദ് നബിﷺതിരുമേനിയുടെ കത്തുമായി തന്റെ ഗോത്രത്തിൽ പോകുമ്പോൾ ഇവർ ഹർറത്തുർ റജ്‌ലായിലായിരുന്നു. ഹർറത്തുർ റജ്‌ല ജുദാമിന്റെ പ്രദേശങ്ങളിൽ കരിമണലുള്ള സ്ഥലമായിരുന്നു. രിഫാഅ ഖുറാഅറബ്ബഹു എന്ന സ്ഥലത്തായിരുന്നു ഉണ്ടായിരുന്നത്. രിഫാഅ ഖുറാഅറബ്ബഹുവിനെ കുറിച്ച് എഴുതുന്നു: ഇത് ബനൂ ജുദാമിന്റെ പ്രദേശങ്ങളിൽ ഒരു സ്ഥലമായിരുന്നു. രിഫാഅ്ന് ഈ സംഭവത്തെ കുറിച്ച് ഒരു വിവരവുമുണ്ടായിരുന്നില്ല. ബനൂഉദ്റഹിന്റെ വഴികാട്ടി ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയെയും അദ്ദേഹത്തിന്റെ കൂട്ടാളികളെയും രാവിലെതന്നെ ഹുനയ്ദിന്റെയും അയാളുടെ മകന്റെയും ആളുകളുടെ താമസസ്ഥലത്ത് ഓർക്കാപ്പുറത്തെത്തിച്ചു. സ്വഹാബാക്കൾ അവരെ ആക്രമിക്കുകയും വധിക്കുകയും ചെയ്തു. നല്ലപോലെ രക്തച്ചൊരിച്ചിൽ നടന്നു. ഹുനയ്ദും മകനും കൊല്ലപ്പെട്ടു. അവരുടെ മൃഗങ്ങളെയും ഒട്ടകങ്ങളെയും സ്ത്രീകളെയും പിടിച്ചെടുത്തു. ആയിരം ഒട്ടകങ്ങളും അയ്യായിരം ആടുകളുമുണ്ടായിരുന്നു. സ്ത്രീകളെയും കുട്ടികളെയും ബന്ദികളാക്കുകയും ചെയ്തു.*(സുബുലുൽ ഹുദാ വർറശാദ് വാള്യം 6, പേജ് 88 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(ഫർഹങ്കെ സീറത്ത് പേജ് 243,101, പ്രസാധനം സവാർ അക്കാഡമി കറാച്ചി)*

ഈ ആക്രമണത്തിനുശേഷം ജുദാമിന്റെ ശാഖയായ ബനൂ ളുബയ്ബ് മദീനയിൽ വന്നതിനെ കുറിച്ചും പരാമർശമുണ്ട്. ഇവർ മദീനയിലെത്തുന്നതിനുമുമ്പേ ബനൂജുദാമിന്റെ ശാഖയായ ബനൂ ളുബയ്ബിലെ ആളുകൾക്ക് സയ്ദിന്റെ നീക്കത്തെ കുറിച്ച് അറിയിപ്പു കിട്ടിയിരുന്നു. അവർ തങ്ങളുടെ നേതാവായ രിഫാഅ ബിൻ സയ്ദിന്റെകൂടെ നബിﷺതിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അവർ പറഞ്ഞു: 'യാ! റസൂലല്ലാഹ്!ഞങ്ങൾ മുസ്‌ലിമീങ്ങളായിരിക്കുന്നു. ഞങ്ങളുടെ ബാക്കിയുള്ള ജനതയ്ക്കായി സമാധാന ഉടമ്പടിയുമുണ്ട്. അതായത് മുസ്‌ലിമീങ്ങളാകാത്ത മറ്റുള്ളവർക്കുവേണ്ടി സമാധാന ലിഖിതം എഴുതിയിട്ടുണ്ട്. അതേസമയം അങ്ങ് അയച്ച സൈന്യം ആക്രമണം നടത്തുകയും അവരിൽ പലരെയും വധിക്കുകയും കുറച്ചാളുകളെ ബന്ദിയാക്കുകയും സ്വത്തുക്കൾ പിടിച്ചെടുക്കുകയും ചെയ്തു. ഞങ്ങൾ മുസ്‌ലിമീങ്ങളാണ്. സമാധാന ഉടമ്പടിയും ഞങ്ങൾക്കുണ്ട്. എന്നിട്ടും ഞങ്ങളെ ആക്രമണത്തിൽ ഉൾപ്പെടുത്തുകയും ഞങ്ങളെ ആക്രമിക്കുകയും ചെയ്തത് എന്തിനാണ്? നബിﷺതിരുമേനി പറഞ്ഞു: 'അതെ! അങ്ങനെയാണോ?' നിങ്ങൾ പറയുന്നത് ശരിയാണെന്ന് പറയുകയല്ലാതെ നബിﷺതിരുമേനി മറ്റൊന്നും പറഞ്ഞില്ല. അതേസമയം സയ്ദിന് ഇവരെ കുറിച്ച അറിവില്ലായിരുന്നു. നബിﷺതിരുമേനി ആ സന്ദർഭത്തിൽ കൊല്ലപ്പെട്ടവരെ കുറിച്ച് കൂടെക്കൂടെ സങ്കടം പ്രകടിപ്പിക്കുന്നുണ്ടായിരുന്നു. അപ്പോൾ രിഫായിന്റെ കൂട്ടുകാരനായ അബൂസയ്ദ് പറഞ്ഞു: 'യാ റസൂലല്ലാഹ്! മരണപ്പെട്ടവരെ കുറിച്ച് ഞങ്ങളൊന്നും ചോദിക്കുന്നില്ല. ഒരു തെറ്റായധാരണ നിമിത്തമാണ് ഇങ്ങനെ സംഭവിച്ചത്. എന്നാൽ, ജീവിക്കുന്നവരും സാധനസാമഗ്രികളും സയ്ദ് ഞങ്ങളുടെ ഗോത്രത്തിൽനിന്ന് പിടിച്ചെടുത്തിട്ടുണ്ട്. അത് ഞങ്ങൾക്ക് തിരിച്ച് കിട്ടേണ്ടതാണ്. നബിﷺതിരുമേനി പറഞ്ഞു: 'അതെ! അതു ശരിയാണ്. ആയിരക്കണക്കിന് ആടുകളും ഒട്ടകങ്ങളും മറ്റു സാധന സാമഗ്രികളും നൂറു ബന്ദികളുമുണ്ടായിരുന്നു.' നബിﷺതിരുമേനി ഉടൻതന്നെ ഹദ്റത്ത് അലിയെ സയ്ദിന്റെ അടുത്തയച്ചു. അടയാളമെന്ന നിലയ്ക്ക് തന്റെ വാളും അദ്ദേഹത്തിനുനൽകി. സയ്ദിനോടു ഇങ്ങനെ പറയാൻ പറഞ്ഞു: "ഈ ഗോത്രത്തിലെ ബന്ദികളായി പിടിക്കപ്പെട്ടവരെയും സമ്പത്തും തിരിച്ചു കൊടുക്കേണ്ടതാണ്." സയ്ദ് ഈ കൽപന കിട്ടിയ ഉടൻതന്നെ എല്ലാ ബന്ദികളെയും വിട്ടയക്കുകയും പിടിച്ചെടുത്ത സമ്പത്ത് തിരിച്ചു കൊടുക്കുകയും ചെയ്തു."*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ. പേജ് 681–682).* ഒരുപാട് സമ്പത്തുണ്ടായിരുന്നു.

സമരാർജിത സ്വത്തുക്കൾ പിടിച്ചെടുക്കാൻ വേണ്ടിയാണ് ആക്രമണങ്ങൾ നടത്തിയതെന്ന ആക്ഷേപം ഉന്നയിക്കപ്പെടാറുണ്ട്. ഈ മാതൃകയിലൂടെ ഇസ്‌ലാം സ്ഥാപിച്ചെടുത്ത നിലവാരത്തെ കുറിച്ച് വളരെ വ്യക്തമായി മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഇന്ന് മുസ്‌ലിമീങ്ങൾ മുസ്‌ലിമീങ്ങളോടു തന്നെയുള്ള ശത്രുതയിൽ പരസ്പരം കൊല്ലുകയാണ് ചെയ്യുന്നത്. അതേസമയം ഒരു ഉടമ്പടിയുടെ പേരിൽ മാത്രം ജനങ്ങളോടു ചെയ്ത ഔദാര്യം നോക്കുക.

സയ്ദ് ബിൻ ഹാരിഥയുടെ മറ്റൊരു സരിയ്യത്തിനെ അതായത് യുദ്ധനടപടിയെ കുറിച്ചും പരാമർശമുണ്ട്. ഈ സരിയഃ വാദിയുൽ ഖുറായിൽ ഹിജ്റ ആറാം വർഷം റജബ് മാസത്തിലാണുണ്ടായത്. *(ശർഹ് സർഖാനീ വാള്യം 3, പേജ് 133, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്).* ഹിസ്മാ സരിയ്യത്തിന് ഏകദേശം ഒരു മാസത്തിനുശേഷമാണ് ഇതു നടന്നത്. നബിﷺതിരുമേനി വീണ്ടും സയ്ദ് ബിൻ ഹാരിഥയെ വാദിയുൽഖുറായിൽ അയച്ചു.

വാദിയുൽഖുറായെ സംബന്ധിച്ച് എഴുതുന്നു: ഇത് മദീനയുടെ വടക്ക് ശാമിന്റെ ഭാഗത്ത് ഏകദേശം 350 കിലോമീറ്റർ ദൂരെ സ്ഥിതിചെയ്യുന്ന സ്ഥലമാണ്. *(മുഅ്ജമുൽ മആലമിൽ ജിഗ്രാഫിയ്യ ഫിസ്സീറത്തിന്നബ്‌വിയ്യ ദാറുമക്ക ലിന്നശ്ർ വത്തൗസീഅ് 1982).* ഒരു നിവേദനത്തിലുണ്ട്. ഈ സ്ഥലത്ത് മദ്ഹിജിലേയും ഖളാഅയിലേയും ഗോത്രങ്ങളിലെയാളുകൾ ഒരുമിച്ചുകൂടിയിരുന്നു. മുള്ർ ഗോത്രത്തിലെ ചില കുടുംബങ്ങളും അവിടെ ഒന്നിച്ചുകൂടിയിരുന്നുവെന്ന് പറയപ്പെടുന്നു. ഏതായാലും യുദ്ധമുണ്ടായില്ല. *(സുബുലുൽ ഹുദാ വർറശാദ് വാള്യം 6, പേജ് 93, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റത്ത്)*

പക്ഷേ, ഇബ്നു ഹിശാം വിവരിച്ചിരിക്കുന്നു: വാദിയുൽഖുറായിൽ ബനൂഫസാറയുമായി സ്വഹാബാക്കൾക്ക് ഏറ്റുമുട്ടേണ്ടി വന്നു. പല സ്വഹാബാക്കളും ശഹീദായി. സയ്ദിനും സാരമായ പരിക്കേറ്റു. പക്ഷേ, അല്ലാഹു അദ്ദേഹത്തെ രക്ഷിച്ചു. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്ؓസീറത്ത് ഖാത്തമുന്നബിയ്യീനിൽ ഇങ്ങനെയൊരു പോരാട്ടമുണ്ടായതായി എഴുതിയിട്ടുണ്ട്.

പിന്നീട് സരിയഃ അബ്ദുർറഹ്മാൻ ബിൻ ഔഫിനെ കുറിച്ചുള്ള വിവരങ്ങളും ലഭിക്കുന്നുണ്ട്. ഈ സരിയഃ ഹിജ്റ ആറാം വർഷം ശഅ്ബാൻ മാസത്തിൽ ദൂമത്തുൽ ജൻദലിന്റെ ഭാഗത്താണ് നടന്നത്. ദൂമത്തുൽ ജൻദൽ മദീനയുടെ വടക്ക് ശാമിന്റെ അതിർത്തിക്കു സമീപം മദീനയിൽനിന്ന് ഏകദേശം 450 കിലോമീറ്റർ ദൂരെയാണ് സ്ഥിതിചെയ്യുന്നത്.(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹ്ﷺ,വാള്യം 7, പേജ് 249)

ഇബ്നു ഇസ്ഹാഖും മുഹമ്മദ് ബിൻ ഉമറും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ ബിൻ ഖത്വാബിൽനിന്ന് നിവേദനം. നബിﷺതിരുമേനി, ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിനെ വിളിച്ചിട്ട് പറഞ്ഞു:"നിങ്ങൾ തയ്യാറെടുപ്പ് നടത്തുക. ഞാൻ നിങ്ങളെ ഇന്നോ നാളെയോ ഇൻശാ അല്ലാഹ് ഒരു സൈനിക നടപടിക്ക് അയക്കുന്നതാണ്."*(സുബുലുൽ ഹുദാ വർറശാദ് വാള്യം 6, പേജ് 93, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ഇതിന്റെ വിശദീകരണം ഹദ്റത്ത്

മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.ؓ എഴുതുന്നു: "ഈ സരിയ്യയുടെ തയ്യാറെടുപ്പും യാത്രയും സംബന്ധിച്ച് ഇബ്നു ഇസ്ഹാഖ്, അബ്ദുല്ലാഹ് ബിൻ ഉമറിൽനിന്ന് കൗതുകകരമായ ഒരു നിവേദനം ചേർത്തിട്ടുണ്ട്. 'ഒരിക്കൽ ഞങ്ങൾ കുറച്ചാളുകൾ -അതിൽ ഹദ്റത്ത് അബൂബക്ർؓ, ഉമർؓ, ഉഥ്മാൻؓ, അലിؓ, അബ്ദുർറഹ്മാൻ ഔഫ്ؓ എന്നിവരുണ്ടായിരുന്നു-നബിﷺതിരുമേനിയുടെ സന്നിധിയിൽ ഇരിക്കുകയായിരുന്നു. ഒരു അൻസ്വാരി യുവാവ് വന്ന് നബിﷺതിരുമേനിയോടു ചോദിച്ചു: 'യാ റസൂലല്ലാഹ്! വിശ്വാസികളിൽ ഏറ്റവുമുത്തമൻ ആരാണ്?'

നബിﷺതിരുമേനി പറഞ്ഞു: "ഏറ്റവും നല്ല സ്വഭാവമുള്ളയാളാണ് ഏറ്റവുമുത്തമൻ." ഇത് വിശ്വാസിയുടെ ലക്ഷണമാണ്. ഉന്നത സ്വഭാവഗുണമുള്ളവനാണ് ഏറ്റവും ഉത്തമനായിട്ടുള്ളവൻ.'

ഇതോടനുബന്ധിച്ച് പൊതുവായ കാര്യങ്ങളും ചർച്ച ചെയ്തിട്ടുണ്ടായിരുന്നു. ഇവിടെ യുദ്ധങ്ങളെയും യുദ്ധനടപടികളെയും കുറിച്ചുള്ള പരാമർശമാണ്. പക്ഷേ, ചില ഉപദേശങ്ങളും ഇതിന്നിടയിലുണ്ടായിട്ടുണ്ട്. അത് നമുക്കും വളരെ അനിവാര്യമായിട്ടുള്ളവയാണ്. നബിﷺതിരുമേനി പറഞ്ഞു: 'ഏറ്റവുമുത്തമൻ ഏറ്റവും നല്ല സ്വഭാവമുള്ളവനാകുന്നു.' ആഗതൻ ചോദിച്ചു: 'യാ റസൂലല്ലാഹ്!ഏറ്റവുമധികം മുത്തഖിയാരാണ്?' നബിﷺതിരുമേനി പറഞ്ഞു: 'മരണം ഏറ്റവും കൂടുതൽ ഓർമയുള്ളവനും നിശ്ചിത സമയത്തിനുമുമ്പേ അതിന് തയ്യാറെടുക്കുന്നവനും.' തയ്യാറെടുപ്പെന്താണ്? 'അല്ലാഹുവിനോടുള്ള ഭയം ഉണ്ടാകുകയും അതിന്റെ കടമ യഥാവിധി നിറവേറ്റുകയും അവന്റെ കൽപ്പനകളനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക. ഇതാണ് മരണത്തെ സംബന്ധിച്ച തയ്യാറെടുപ്പ്. അപ്പോൾ ആ അൻസ്വാരി യുവാവ് നിശബ്ദനായി. നബിﷺതിരുമേനി ഞങ്ങളുടെ ഭാഗത്ത് തിരിഞ്ഞുകൊണ്ടു പറഞ്ഞു: "അല്ലയോ മുഹാജിരീന്റെ സംഘമേ!" തുടർന്ന് നബിﷺതിരുമേനി കുറച്ച് ഉപദേശങ്ങൾ തന്നു. അഞ്ചു തിന്മകളുണ്ട്. അതു സംബന്ധിച്ച് ഞാൻ അല്ലാഹുവിനോടു രക്ഷ തേടുന്നു. അതൊരിക്കലും എന്റെ ഉമ്മത്തിൽ വന്നുപോകരുത്. അതൊരിക്കലും ഉണ്ടാകരുതെന്ന കാര്യത്തിലും ഞാൻ അല്ലാഹുവിനോടു അഭയം തേടുന്നു. കാരണം അത് ഒരു സമൂഹത്തിലുണ്ടാകുമ്പോൾ ആ സമൂഹത്തെ നാശത്തിൽ തള്ളിവിടുന്നതായിരിക്കും.

1. "ഏതെങ്കിലും സമൂഹത്തിൽ ദുർന്നടപ്പും വ്യഭിചാരവും പരക്കുന്നത് അത് പരസ്യമായി ചെയ്യുമ്പോഴാണ്. അതുകാരണം പല രോഗങ്ങളും പകർച്ച വ്യാധികളുമുണ്ടാകാൻ തുടങ്ങുന്നു. അത് അതിനുമുമ്പേ അവരിലുണ്ടായിരുന്നവയല്ല."

ഇന്ന് ലോകത്ത് ഇത് പൊതുവെ കാണപ്പെടുന്നുണ്ട്. നബിﷺതിരുമേനി അതിൽനിന്ന് അല്ലാഹുവിനോടു രക്ഷ തേടിയിരിക്കുന്നു. മുസ്ലിമീങ്ങൾ പ്രത്യേകമായും ഈ കാര്യങ്ങളിൽ ചിന്തിക്കേണ്ടതാണ്.

2. ഏതൊരു സമൂഹത്തിലും തൂക്കത്തിൽ വഞ്ചന കാണിക്കുന്നതിന്റെ ഫലമായി പട്ടിണിയും കാഠിന്യവും ഭരണാധിപന്റെ ദ്രോഹവുമുള്ള മുസ്വീബത്ത് ഇറങ്ങാതിരുന്നിട്ടില്ല.

ഇതേ കുറിച്ച് നല്ല പോലെ ചിന്തിക്കേണ്ടിയിരിക്കുന്നു. മുസ്ലിമീങ്ങൾക്കിടയിലും ഒരുപാടു വിശ്വാസ വഞ്ചന ഉടലെടുത്തിരിക്കുന്നു. ഇത് മനസ്സിലാക്കിയെങ്കിൽ എത്ര നന്നായിരുന്നു. അഹ്മദികൾ പ്രത്യേകമായും ഇക്കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

3. സക്കാത്തിലും സ്വദഖയിലും ആലസ്യവും അലംഭാവവും കാണിച്ചതിന്റെ ഫലമായി മഴ ലഭ്യത കുറയുന്നതാണ്. എത്രത്തോളമെന്നാൽ അല്ലാഹുവിന് താൻ സൃഷ്ടിച്ച മൃഗങ്ങളെയും വളർത്തു മൃഗങ്ങളെയും സംബന്ധിച്ച ചിന്തയില്ലായിരുന്നെങ്കിൽ അത്തരം ജനതയിൽ മഴ വർഷിക്കുന്നത് പൂർണമായും ഇല്ലാതാകുമായിരുന്നു.

ഇതും അല്ലാഹുവിന്റെ ശിക്ഷയുടെ അടയാളമാണ്. അതിൽനിന്ന് അല്ലാഹുവിനോടു അഭയം തേടേണ്ടതാണ്. നബിﷺതിരുമേനി പറഞ്ഞു, 'ഞാനിതിൽനിന്ന് അഭയം തേടുന്നു. നിങ്ങളും അഭയം തേടുക.'

4 അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള പ്രതിജ്ഞ ലംഘിച്ചപ്പോൾ അത്തരം സമൂഹങ്ങൾക്കുമേൽ അവരുടെ ശത്രു സമൂഹം അധികാരം കൈകാര്യം ചെയ്യാതിരുന്നിട്ടില്ല. അവർ അത്തരം സമൂഹങ്ങളുടെ അവകാശങ്ങൾ കവർന്നു.

ഇതും ഇന്നത്തെ മുസ്ലിമീങ്ങളുടെ അവസ്ഥയാണ്. അവർ തങ്ങളുടെ പ്രതിജ്ഞകൾ ലംഘിച്ചവരാണെന്ന് അതിൽനിന്ന് വ്യക്തമാകുന്നു. അല്ലാഹു അവരോടു കരുണ കാണിക്കുകയും അവർക്ക് ബുദ്ധിയും വിവേകവും നൽകുകയും ചെയ്യുമാറാകട്ടെ.

5. ഉലമാ അഥവാ പണ്ഡിതന്മാരും അയ്മാ അഥവാ നേതാക്കന്മാരും ശരീഅത്തിന്നെതിരിൽ തങ്ങളുടെ ആവശ്യാനുസരണം ഫത്വകൾ നൽകാൻ തുടങ്ങിയപ്പോൾ അത്തരം സമൂഹങ്ങൾക്കുള്ളിൽ വഴക്കും വക്കാണവും ആരംഭിക്കാതിരുന്നിട്ടില്ല.

ഇതും മുസ്ലിമീങ്ങൾക്കുള്ളിൽ ഇപ്പോൾ കക്ഷി പ്രതികക്ഷികളുണ്ടാകുന്നത് എപ്പോഴും കാണാൻ കഴിയുന്നു. ഏതൊരു കാര്യത്തെ കുറിച്ചാണോ നബിﷺതിരുമേനി രക്ഷ തേടിയത് അതുതന്നെയാണ് ഇന്ന് മുസ്ലിമീങ്ങൾക്കുള്ളിൽ കാണുന്നത്. അല്ലാഹു കരുണ ചൊരിയുമാറാകട്ടെ.

"നബിﷺതിരുമേനിയുടെ ഈ വിലയേറിയ പ്രഭാഷണം സമൂഹങ്ങളുടെ അധഃപതനങ്ങളുടെ കാരണങ്ങളെ കുറിച്ചുള്ള ഏറ്റവും മികച്ച നിരൂപണമാകുന്നു. മുസ്ലിമീങ്ങൾ ആഗ്രഹിക്കുകയാണെങ്കിൽ അവർക്ക് ഇക്കാലഘട്ടത്തിലും ഇതിൽ നല്ല പാഠങ്ങളുണ്ട്. മുസ്ലിമീങ്ങൾ അതിനെക്കുറിച്ച് ചിന്തിച്ചെങ്കിൽ എത്ര നന്നായേനെ!

സരിയത്തുകളുടെ സംഭവ വികാസങ്ങളെ കുറിച്ച് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർؓവിവരിക്കുന്നു: 'നബിﷺതിരുമേനി അബ്ദുർറഹ്മാൻ ബിൻ ഔഫിനോടു രാത്രി നേരത്ത് ദൂമത്തുൽ ജന്ദലിലേക്ക് പുറപ്പെടാൻ കൽപ്പന നൽകി. അദ്ദേഹത്തിന്റെ സൈന്യം ജുർഫ് എന്ന സ്ഥലത്താണ് തമ്പടിച്ചത്. ഇവർ 700 പേരുണ്ടായിരുന്നു. ജുർഫിനെ കുറിച്ച് എഴുതുന്നു: ഇത് മദീനയിൽനിന്ന് 3 മൈൽ വടക്കുഭാഗത്തുള്ള സ്ഥലമാണ്. *(സുബുലുൽ ഹുദാ വർറശാദ് വാല്യം 6, പേജ് 94 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്) (ഫർഹങ്കെ സീറത്ത് പേജ് 114, പ്രസാധനം സവാർ അക്കാഡമി കറാച്ചി)*

ഈ സരിയത്തിനെ സംബന്ധിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ؓഎം.എ എഴുതുന്നു:

"വളരെ ദ്രുതഗതിയിൽ ഇസ്ലാമിന്റെ സ്വാധീനവൃത്തം വിശാലമായിക്കൊണ്ടിരിക്കുകയായിരുന്നു. അറേബ്യയുടെ വിദൂര കോണുകളിലും ഇസ്ലാമിക സന്ദേശമെത്തിത്തുടങ്ങിയിരുന്നു. പക്ഷേ, അതോടൊപ്പം വിദൂര സ്ഥലങ്ങളിൽ എതിർപ്പും വർധിച്ചുകൊണ്ടിരുന്നു. ഇസ്ലാമിലേക്ക് ചായുന്നവർക്ക് തങ്ങളുടെ ഗോത്രക്കാരിൽനിന്ന് ശക്തമായ ദ്രോഹങ്ങളാണ് സഹിക്കേണ്ടി വന്നത്. ഈ ദ്രോഹങ്ങൾ ഭയന്നുകൊണ്ട് ഒരുപാട് ദുർബലരായ ആളുകൾ തങ്ങളുടെ ഇസ്ലാമിനെ കുറിച്ച് വെളിപ്പെടുത്താൻ മടികാണിച്ചിരുന്നു. അതുകൊണ്ടുതന്നെ യുദ്ധനടപടികൾക്കുവേണ്ടി തയ്യാറെടുപ്പുകളും വർധിപ്പിക്കേണ്ടി വന്നു. ഇത്തരം ഗോത്രങ്ങളിലേക്ക് സൈനിക സംഘത്തെ അയക്കേണ്ടിയിരുന്നു. ചിലയാളുകൾ മനസ്സുകൊണ്ട് ഇസ്ലാമിലേക്ക് ചായ്വുള്ളവരായിരുന്നു. പക്ഷേ, ആക്രമണ ഭയം കാരണം അവർ ഇസ്ലാം സ്വീകരിക്കുന്നതിൽ മടികാണിച്ചിരുന്നു. ചുരുക്കത്തിൽ ഈ സൈന്യ സംഘങ്ങളെ അയച്ചതിന്റെ ഉദ്ദേശ്യം മതപരമായ സ്വാതന്ത്ര്യം സ്ഥാപിക്കലായിരുന്നു. അതിനാണ് ഇസ്ലാം പ്രത്യേകമായും ഊന്നൽ നൽകിയത്. ഈ ഉദ്ദേശ്യലക്ഷ്യത്തിനുകീഴിൽ നബിﷺതിരുമേനി ഹിജ്റ ആറാം വർഷം ശഅ്ബാൻ മാസത്തിൽ ഒരു സൈന്യത്തെ അബ്ദുർറഹ്മാൻ ബിൻ ഔഫിന്റെ നേതൃത്വത്തിൽ ദൂമത്തുൽ ജന്ദലിന്റെ വിദൂര പ്രദേശങ്ങളിലേക്ക് അയച്ചു. ഈ സ്ഥലങ്ങളിലേക്ക് നബിﷺതിരുമേനി തന്നെയും ഹിജ്റ 6-ൽ സമാധാന സംസ്ഥാപനാർഥം പോയിട്ടുണ്ടായിരുന്നു. ഇങ്ങനെ ഈ പ്രദേശം രണ്ടു വർഷം മുമ്പേതന്നെ ഇസ്ലാമിക സ്വാധീന വലയത്തിൽ വന്നിട്ടുമുണ്ടായിരുന്നു. അവിടെയുള്ള ആളുകൾ ഇസ്ലാമികാധ്യാപനങ്ങളിലേക്ക് അടുക്കാതിരുന്നില്ല. മാത്രമല്ല അവരിൽ ഒരു വിഭാഗം ഇസ്ലാമിലേക്ക് ചായുകയുമുണ്ടായി. പക്ഷേ, തങ്ങളുടെ മൂപ്പൻമാരുടെയും ഗോത്രത്തിലെ ആളുകളുടെയും എതിർപ്പു കാരണം അത് വെളിപ്പെടുത്താൻ അവർ ധൈര്യം കാണിച്ചില്ല. ഹിജ്റത്തിന്റെ ആറാം വർഷം ഒരു വലിയ സൈന്യത്തെ ഉന്നതസ്ഥാനീയനായ അബ്ദുർറഹ്മാൻ ബിൻ ഔഫിന്റെؓനേതൃത്വത്തിൽ ദൂമത്തുൽ ജന്ദലിലേക്ക് അയച്ചു.......

നബിﷺതിരുമേനി തന്റെ അടുത്ത സ്വഹാബിയായ അബ്ദുർറഹ്മാൻ ബിൻ ഔഫിനെ സംബോധന ചെയ്തു പറഞ്ഞു: "ഇബ്നു ഔഫേ!ഞാൻ നിങ്ങളെ ഒരു സൈനിക സംഘത്തിന്റെ അമീറായി നിശ്ചയിച്ച് അയക്കാനാഗ്രഹിക്കുന്നു. നിങ്ങൾ തയ്യാറാകുക." അങ്ങനെ അടുത്ത ദിവസം രാവിലെ അബ്ദുർറഹ്മാൻ ബിൻ ഔഫ് തിരുനബിയുടെ സവിധത്തിലെത്തി. നബിﷺതിരുമേനി തന്റെ കൈ കൊണ്ട് അദ്ദേഹത്തിന്റെ ശിരസ്സിൽ അദ്ദേഹത്തിന്റെ തലപ്പാവ് അണിയിച്ചു. പിന്നീട് ഒരു പതാക അദ്ദേഹത്തെ ഏല്പിക്കാൻ ബിലാലിന് കൽപ്പന നൽകി. തുടർന്ന് നബിﷺതിരുമേനി ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിനു കീഴിൽ സ്വഹാബാക്കളുടെ ഒരു സൈനിക സംഘത്തെ നിശ്ചയിച്ചതിനുശേഷം അവരോടു പറഞ്ഞു:........

"അല്ലയോ ഇബ്നു ഔഫേ!ഈ പതാക കൈയിലേന്തുക! പിന്നെ നിങ്ങളെല്ലാവരും അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദിന് പുറപ്പെടുക. നിഷേധികളുമായി പൊരുതുക. പക്ഷേ, വിശ്വാസ വഞ്ചന കാണിക്കരുത്. വാഗ്ദാനം ലംഘി

ക്കുകയുമരുത്. ശത്രുക്കളുടെ മൃതദേഹങ്ങൾ വികൃതമാക്കരുത്. കുട്ടികളെ വധിക്കരുത്. ഇത് അല്ലാഹുവിന്റെ കൽപ്പനയും അവന്റെ പ്രവാചകന്റെ ചര്യയുമാകുന്നു.”

ഈ നിവേദനത്തിൽ ഒരുപക്ഷേ, നിവേദകൻ സ്ത്രീകളെ കുറിച്ചുള്ള പരാമർശം മറവി കാരണം വിട്ടുപോയതായിരിക്കാം. കാരണം മറ്റു സ്ഥലങ്ങളിൽ വളരെ വ്യക്തമായിത്തന്നെ നബിﷺതിരുമേനി സൈന്യങ്ങളെ അയക്കുമ്പോൾ സ്ത്രീകളെ വധിക്കരുതെന്നും വൃദ്ധന്മാരെ വധിക്കരുതെന്നും മതപരമായ ആവശ്യങ്ങൾക്കുവേണ്ടി ജീവിതം സമർപ്പിച്ച ആളുകളെ വധിക്കരുതെന്നും നിർദേശം നൽകിയിട്ടുണ്ടായിരുന്നു.

ഇതിനുശേഷം നബിﷺതിരുമേനി അബ്ദുർറഹ്മാൻ ബിൻ ഔഫിന് മാർഗനിർദേശങ്ങൾ നല്കി: “ദൂമത്തുൽ ജന്ദലിൽ പോകുക. രഞ്ജിപ്പിലൂടെ കാര്യങ്ങൾക്ക് തീരുമാനമാക്കാൻ ശ്രമിക്കുക. കാരണം അവർ യുദ്ധം കൂടാതെ അനുസരിക്കാൻ തയ്യാറാകുകയാണെങ്കിൽ അതാണ് ഏറ്റവും അഭികാമ്യം. നബിﷺതിരുമേനി അബ്ദുർറഹ്മാൻ ബിൻ ഔഫിനോടു പറഞ്ഞു: ‘അങ്ങനെയാണെങ്കിൽ നിങ്ങൾ അവരുടെ നേതാവിന്റെ മകളെ വിവാഹം കഴിക്കുക; അവർ അതിന് തയ്യാറാണെങ്കിൽ! അതിനുശേഷം നബിﷺതിരുമേനി ഈ സൈനിക സംഘത്തെ യാത്രയാക്കി. അബ്ദുർറഹ്മാൻ ബിൻ ഔഫ്ؓ700 സ്വഹാബത്തിനേയും കൂട്ടി ദൂമത്തുൽ ജന്ദലിലേക്ക് പുറപ്പെട്ടു. ഇത് അറേബ്യയുടെ വടക്ക് തബൂക്കിൽ നിന്ന് വടക്കു കിഴക്ക് ഭാഗത്ത് ശാമിന്റെ അതിർത്തിക്ക് സമീപമുള്ള സ്ഥലമാണ്. ഈ ഇസ്‌ലാമിക സൈന്യം ദൂമയിലെത്തിയപ്പോൾ തുടക്കത്തിലൊക്കെ ദൂമക്കാർ യുദ്ധത്തിന് തയ്യാറാകുന്നതായി കാണുന്നുണ്ടായിരുന്നു. മുസ്‌ലിമീങ്ങളെ വാളുകൊണ്ട് ഭീഷണിപ്പെടുത്തുമായിരുന്നു. പക്ഷേ, പതുക്കെപ്പതുക്കെ അബ്ദുർറഹ്മാൻ ബിൻ ഔഫ് മനസ്സിലാക്കികൊടുത്തതനുസരിച്ച് അവർ തങ്ങളുടെ ഉദ്ദേശ്യത്തിൽ നിന്ന് പിൻമാറി. ഏതാനും ദിവസത്തിനുശേഷം അവരുടെ നേതാവ് അസ്ബഗ് ബിൻ ഉമർ കൽബി, ഇദ്ദേഹം ക്രിസ്ത്യാനിയായിരുന്നു, അബ്ദുർറഹ്മാൻ ബിൻ ഔഫിന്റെ തബ്‌ലീഗ് കാരണം നല്ല നിലയിൽ ഇസ്‌ലാം സ്വീകരിച്ചു. അദ്ദേഹത്തോടൊപ്പം പ്രസ്തുത ജനതയിലെ നിരവധിയാളുകളും മുസ്‌ലിമീങ്ങളായി. ഇവർ നേരത്തെതന്നെ ഇസ്‌ലാമിലേക്ക് ചായ്‌വുള്ളവരായിരുന്നു എന്ന് തോന്നുന്നു. തങ്ങളുടെ മതത്തിൽത്തന്നെ നിലകൊണ്ടവർ തുറന്ന മനസ്സോടെ ഇസ്‌ലാമിക ഭരണകൂടത്തിന് കീഴിൽ വരുന്നത് അംഗീകരിച്ചു. ആരെയും നിർബന്ധപൂർവം അംഗീകരിപ്പിച്ചില്ല. ഒരുപാടാളുകൾ ഇസ്‌ലാം സ്വീകരിച്ചവരായുണ്ടായിരിന്നു. അങ്ങനെ ഇസ്‌ലാമിക സർക്കാരിനോട് വിധേയപ്പെടാമെന്ന ഉടമ്പടി അവർ ചെയ്തു.

“ഇപ്രകാരം വളരെ നല്ല നിലയിൽ ഈ സൈനിക നടപടി പൂർത്തിയായി. നബിﷺതിരുമേനിയുടെ നിർദേശമനുസരിച്ച് അബ്ദുർറഹ്മാൻ ബിൻ ഔഫ് ദൂമത്തുൽ ജന്ദലിന്റെ നേതാവായ അസ്ബഗ് ബിൻ ഉമറിന്റെ മകൾ തുമാളിറിനെ വിവാഹം കഴിക്കുകയും മക്കയിൽ തിരിച്ചെത്തുകയും ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹവും നബിﷺതിരുമേനിയുടെ ശ്രദ്ധയുടെ അനുഗ്രഹവും നിമിത്തം അബ്ദുർറഹ്മാൻ ബിൻ ഔഫിന്റെ വസതിയിൽ ഈ തുമാളിറിൽനിന്ന് ഒരു ആൺകുട്ടീ ജനിച്ചു. അദ്ദേഹം ഇസ്‌ലാമിനുവേണ്ടി സർവ്വവും സമർപ്പണം ചെയ്ത വ്യക്തിയായി മാറി. വൈജ്ഞാനിക രംഗത്തും ഇസ്‌ലാമിലെ ഉന്നത ശ്രേണിയിലുള്ള പണ്ഡിതരിൽ ഗണിക്കപ്പെടുന്നു. ഇദ്ദേഹത്തിന്റെ പേര് അബൂ സൽമ സുഹ്‌രി എന്നായിരുന്നു.”*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ. പേജ് 713-716)*

ഇബ്നു സഅ്ദ് അബൂ സൽമ സുഹ്‌രിയെ കുറിച്ച് എഴുതിയിരിക്കുന്നു:കാന ഥിഖത്തൻ ഫഖീഹൻ കഥീറൽഹദീഥി അതായത് അബൂ സൽമ ഉന്നതസ്ഥാനീയനായ കർമശാസ്ത്ര പണ്ഡിതനായിരുന്നു. കൂടാതെ നിരവധി ഹദീഥുകൾ വിവരിച്ചയാളുമാണ്.

സഅ്ദ് ബിൻ ആസ് ബിൻ ഉമയ്യയെ ആദ്യമായി മുആവിയ ബിൻ അബൂ സുഫിയാൻ മദീനയുടെ ഗവർണറാക്കിയപ്പോൾ അദ്ദേഹം അബൂ സൽമയെ മദീനയുടെ ഖാളിയായി നിശ്ചയിച്ചു. അബൂ സൽമയുടെ പ്രായം 72 വയസ്സായിരുന്നു. ഹിജ്റ 94-ൽ അദ്ദേഹം വഫാത്തായി. *(ത്വബഖാത്തുൽകുബ്റാ വാള്യം 5, പേജ് 118-120, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

അടുത്തത് സരിയഃ ഹദ്റത്ത് അലി ബിൻ അബീ ത്വാലിബാകുന്നു. ഇവർ ഫിദ്ക്കിലാണ് പോയത്. ഇതേ കുറിച്ചും പരാമർശമുണ്ട്. ഈ സരിയഃ ഹിജ്റ ആറാം വർഷമാണുണ്ടായത്. നബിﷺതിരുമേനി ഹദ്റത്ത് അലിയെ നൂറു ആളുകളോടൊപ്പം ഫിദ്ക്കിലെ ബനൂ സഅ്ദ് ബിൻ ബക്റിൽ അയച്ചു. ഫിദ്ക്കിനെ സംബന്ധിച്ച് പറയുന്നു: ഇത് മദീനയിൽനിന്ന് ആറു രാത്രിയുടെ യാത്രാ ദൈർഘ്യമുള്ള ഖയ്ബറിനടുത്തുള്ള ഒരു ജനവാസ കേന്ദ്രമാകുന്നു. ഹിജ്റ ഏഴാം വർഷം ഖയ്ബർ യുദ്ധാവസരത്തിൽ ഈ പ്രദേശം യുദ്ധം കൂടാതെത്തന്നെ ജയിച്ചടക്കിയതാണ്. ഇപ്പോൾ ഇതൊരു വലിയ പട്ടണമാണ്. ഇവിടെ ഈന്തപ്പഴകൃഷിയും മറ്റു കൃഷികളും ധാരാളമായിട്ടുണ്ട്. ഇന്ന് ഇത് അൽഹായത് എന്നാണ് അറിയപ്പെടുന്നത്. നബിﷺതിരുമേനിയുടെ എതിരാളികൾ ഒരു സൈന്യം തയ്യാറാക്കിയിട്ടുണ്ടെന്നും ഖയ്ബറിലെ യഹൂദികൾ സഹായിക്കാൻ ആഗ്രഹിക്കുന്നുവെന്നും അറിയാനിടയായി. ഹദ്റത്ത് അലിؓരാത്രി നേരത്ത്യാത്ര ചെയ്യുകയും പകൽ ഒളിഞ്ഞിരിക്കുകയും ചെയ്തിരുന്നു. *(സുബുലുൽ ഹുദാ വർറശാദ് വാള്യം 6, പേജ് 97 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്) (ഫർഹങ്കെ സീറത്ത് പേജ് 298, പ്രസാധനം സവാർ അക്കാഡമി കറാച്ചി)(മുഅ്ജമുൽ മആലിമുൽ ജഗ്റാഫിയ്യ ഫിസ്സീറത്തിന്നബ്‌വിയ്യ പേജ് 235, ദാറു മക്കത്ത ലിന്നശ്ർ വതൗസീഅ് 1982)*

ഇതിന്റെ വിശദീകരണത്തിൽ സീറത്ത് ഖാത്തമുന്നബിയ്യീനിൽ എഴുതപ്പെട്ടിരിക്കുന്നു: “മദീനയിൽ യഹൂദി ജനതയ്ക്കുമേൽ അവരുടെ രാജ്യദ്രോഹവും ഫിത്നകളും കാരണമുണ്ടായ നാശനഷ്ടങ്ങൾ അറേബ്യായിലെ എല്ലാ യഹൂദികളുടെയും ഹൃദയത്തിൽ ഒരു മുള്ളു തറച്ചതുപോലെയായിരുന്നു. ബനൂ ഖുറയ്ള്വ യുദ്ധത്തിനുശേഷം മദീനയിൽ യഹൂദികൾ ഇല്ലാതായി. ഖയ്ബർ പ്രദേശം ഹിജാസിലെ യഹൂദികളുടെ ഏറ്റവും വലിയ കേന്ദ്രമായിരിന്നു. അത് ഇസ്‌ലാമിന്നെതിരെയുള്ള ആസൂത്രണങ്ങൾക്ക് വേദിയായി മാറി. ഇവിടെയുള്ള യഹൂദികൾ സ്വതവേ വളരെയേറെ ഈർഷ്യയുള്ളവരും അസൂയാലുക്കളും ദ്രോഹികളുമായിരുന്നു. മാത്രമല്ല ഇസ്‌ലാമിനെ ഇല്ലാതാക്കാനും മുസ്‌ലിമീങ്ങളെ വിപാടനം ചെയ്യാനുമുള്ള ശ്രമത്തിൽ സക്രിയരുമായിരുന്നു.

ഹിജ്റ ആറാം വർഷം ശഅ്ബാൻ മാസത്തിൽ നബിﷺതിരുമേനിക്ക് ബനൂ സഅ്ദ് ബിൻ ബക്ർ ഗോത്രവും ഖയ്ബറിലെ യഹൂദികളും മുസ്‌ലിമീങ്ങൾക്കെതിരിൽ പരസ്പരം ഗൂഡാലോചന നടത്തുന്നതായി അറിയിപ്പ് ലഭിച്ചു. ബനൂ സഅ്ദ് ഖയ്ബറുകാരെ സഹായിക്കുന്നതിന് തങ്ങളുടെ ശക്തി സ്വരുക്കൂട്ടുകയായിരുന്നു. ഈ അറിയിപ്പുകിട്ടിയ ഉടനെ നബിﷺതിരുമേനി അലിയുടെ നേതൃത്വത്തിൽ സ്വഹാബാക്കളുടെ ഒരു സംഘത്തെ അയച്ചു. അവർ പകൽ സമയത്ത് ഒളിഞ്ഞിരിക്കുകയും രാത്രി യാത്ര ചെയ്യുകയും ചെയ്തുകൊണ്ട് ഫിദ്ക്കിന് സമീപത്തെത്തി. അതിന്റെ സമീപത്താണ് ശത്രുക്കളുണ്ടായിരുന്നത്. ഇവിടെ മുസ്‌ലിമീങ്ങൾക്ക് ഒരു കാട്ടറബിയെ ലഭിച്ചു. അയാൾ ബനൂ സഅ്ദിന്റെ ചാരനായിരുന്നു. ഹദ്റത്ത് അലി അയാളെ പിടികൂടി ബന്ദിയാക്കി. അയാളോടു ബനൂ സഅ്ദിന്റെയും ഖയ്ബറിന്റെയും കാര്യങ്ങൾ അന്വേഷിച്ചു. ആദ്യം അയാൾ തികഞ്ഞ അജ്ഞതയും ബന്ധമില്ലായ്മയുമാണ് പറഞ്ഞത്. പക്ഷേ, അവസാനം തന്റെ മാപ്പപേക്ഷ അംഗീകരിച്ചപ്പോൾ അയാൾ എല്ലാ രഹസ്യങ്ങളും തുറന്നു പറഞ്ഞു. പിന്നെ മുസ്‌ലിമീങ്ങൾ അയാളെ തങ്ങളുടെ വഴികാട്ടിയാക്കി ബനൂ സഅ്ദ് സംഘടിച്ചിരുന്നിടത്തേക്ക് നീങ്ങി. അവർക്കുമേൽ ഓർക്കാപ്പുറത്ത് ആക്രമണം നടത്തി. ഈ അപ്രതീക്ഷിത ആക്രമണം കാരണം ബനൂ സഅ്ദ് പരിഭ്രമിച്ച് രണാങ്കണത്തിൽ

**• ഹദീഥുന്നബ്‌വിﷺ •**

**“ഇത്തഖുല്ലാഹ ഫിന്നിസാഇ.”**

**സ്ത്രീകളുടെ കാര്യത്തിൽ അല്ലാഹുവിനെ ഭയപ്പെടുക.**

ത്വാലിബെ ദുആ
**C. K.MUHAMMED SHAREEF&FAMILY**
AHMADIYYA JAMA-ATH VANIYAMBALAM,

**• ഹദീഥുന്നബ്‌വിﷺ •**

**“അൽമുസ്‌ലിമു മിർഅത്തുൽ മുസ്‌ലിമി.”**

**ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ കണ്ണാടിയാകുന്നു.**

ത്വാലിബെ ദുആ
**LATE T.K.SIDHIQUE AND FAMILY**
KARULAI, MALAPPURAM

നിന്നോടിപ്പോയി. ഹദ്റത്ത് അലിؓ സമരാർജിത സ്വത്തുക്കളുമായി മദീനയിൽ തിരിച്ചുവന്നു. അങ്ങനെ ഈ അപകടം താൽക്കാലികമായി മാറിക്കിട്ടി. *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ. പേജ് 716)*

അടുത്തത് സരിയഃ അബൂബക്റിനെ കുറിച്ചുള്ള പരാമർശമാണ്. ഇത് ബനൂഫസാറയിലേക്കാണ് നിയോഗിക്കപ്പെട്ടത്. ഈ സരിയഃ ഹിജ്റ ആറാം വർഷമാണ് നടന്നത്. ബനൂഫസാറ നജ്ദിലെ ഖുറാ താഴ്‌വരയിലാണ് താമസിച്ചിരുന്നത്. ഖുറാ താഴ്‌വര മദീനയുടെ വടക്ക് ശാമിലേക്കുള്ള വഴിയിൽ ഏകദേശം 350 കിലോമീറ്റർ ദൂരെ സ്ഥിതി ചെയ്യുന്നു. ത്വബക്കാത്തുൽ കുബ്റയിലും ഇബ്നു ഹിശാമിലും പറയുന്നു: ഈ സരിയത്ത് ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയുടെ നേതൃത്വത്തിലാണ് അയച്ചിരുന്നത്. എന്നാൽ, സ്വഹീഹ് മുസ്‌ലിം സുനൻ അബൂദാവൂദ് എന്നിവയിൽ നിന്ന് മനസ്സിലാകുന്നത് നബിﷺതിരുമേനി ഈ സരിയത്തിന്റെ നേതാവായി ഹദ്റത്ത് അബൂബക്ർؓനെ നിയോഗിച്ചിരുന്നുവെന്നാണ്. സ്വഹീഹ് മുസ്‌ലിമിലെ നിവേദനത്തിൽ പറയുന്നു: ഇയാസ് ബിൻ സൽമയിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: എന്റെ പിതാവ് ഹദ്റത്ത് സൽമ ബിൻ അക്‌വഅ് പറയുന്നു: ഞങ്ങൾ ഫസാറ ഗോത്രവുമായി യുദ്ധം ചെയ്തു. ഞങ്ങളുടെ നേതാവ് ഹദ്റത്ത് അബൂബക്ർ ആയിരുന്നു. അദ്ദേഹത്തെ നബിﷺതിരുമേനി ഞങ്ങളുടെ അമീറായി നിശ്ചയിച്ചതാണ്. അവിടെ വെള്ളമുള്ള ഒരു കിണറുണ്ടായിരുന്നു. ഞങ്ങൾ വെള്ളത്തിന് അടുത്തെത്താൻ ഒരു മണിക്കൂർ ദൂരത്തെത്തിയപ്പോൾ ഹദ്റത്ത് അബൂബക്ർ ؓന്റെ നിർദേശ പ്രകാരം അവിടെ തമ്പടിച്ചു. ഞങ്ങൾ രാത്രിയുടെ തുടക്കത്തിലാണ് അവിടെ എത്തിയത്. പിന്നെ ഞങ്ങളും അവരും അതായത് ശത്രുക്കളും ആ വെള്ളത്തിനടുത്തെത്തി. അദ്ദേഹം അതായത് ഹദ്റത്ത് അബൂബക്ർؓ എല്ലാ ഭാഗത്തേക്കും ആക്രമണം നടത്തി. അതിനുമുന്നിൽ വന്നവർ എല്ലാവരും കൊല്ലപ്പെടുകയും ബന്ദികളാക്കപ്പെടുകയും ചെയ്തു. അതിൽ സ്ത്രീകളെയും കുട്ടികളെയും കാണുന്നുണ്ടായിരുന്നു. ഇവർ തനിക്ക് മുമ്പേ ഓടി പർവ്വതത്തിനു മുകളിൽ കയറി അപ്രത്യക്ഷരാകുമോ എന്ന് ഞാൻ ശങ്കിച്ചു. അതായത് ആ സ്വഹാബി പറയുന്നു, അവർ പർവ്വതത്തിനു മുകളിൽ കയറി അപ്രത്യക്ഷരാകുമോ എന്ന് ഞാൻ ശങ്കിച്ചു. അദ്ദേഹം പറയുന്നു: അങ്ങനെ അവർ ഭയപ്പെട്ടു പിന്മാറുന്നതിനു വേണ്ടി ഞാൻ അവർക്കും പർവ്വതത്തിനുമിടയിൽ അമ്പെയ്തുകൊണ്ടിരുന്നു. അവർ അമ്പുകൾ കണ്ടപ്പോൾ അവിടെ നിന്നു. ഞാൻ അവരെ തെളിച്ചു കൊണ്ടുവന്നു. അവരിൽ ബനീ ഫസാറ ഗോത്രത്തിലെ ഒരു സ്ത്രീയുമുണ്ടായിരുന്നു. അവരുടെ പക്കൽ ഒരു പഴയ തുകൽ വസ്ത്രവും അവളുടെ സൗന്ദര്യവതിയായ മകളുമുണ്ടായിരിന്നു. ഞാൻ അവരെയെല്ലാം വളഞ്ഞ് ഹദ്റത്ത് അബൂബക്റിന്റെؓസവിധത്തിലെത്തിച്ചു. ഹദ്റത്ത് അബൂ ബക്ർؓഅവളുടെ മകളെ എനിക്ക് സമ്മാനമായി നൽകി. ഞങ്ങൾ മദീനയിലെത്തി. നബിﷺതിരുമേനി ഈ പെൺകുട്ടിയെ മക്കക്കാർക്ക് അയച്ചു കൊടുത്തു. അവരെ ഹദ്റത്ത് അബൂബക്ർؓ അദ്ദേഹത്തിന് നല്കിയതായിരുന്നു. എന്നാൽ, നബിﷺതിരുമേനി എടുക്കുകയും മക്കയിൽ പറഞ്ഞയക്കുകയും ചെയ്തു. അവരെ അയച്ചതിനുള്ള കാരണം അതിനു പകരമായി, മക്കയിൽ ബന്ദിയാക്കപ്പെട്ട നിരവധി മുസ്‌ലിമീങ്ങളെ സ്വാതന്ത്രമാക്കുക എന്നതായിരുന്നു. ഇത് സ്വഹീഹ് മുസ്‌ലിമിലെ നിവേദനമാണ്. *(സ്വഹീഹ് മുസ്‌ലിം കിതാബുൽജിഹാദ് ഹദീഥ് 4573)*

ഈ സരിയഃയിൽ മുസ്‌ലിമീങ്ങളുടെ കോഡ് അഥവാ സന്ദേശങ്ങൾ കൈമാറാനുള്ള ഗൂഢഭാഷ അമിത്ത് അമിത്ത് എന്നായിരുന്നു. ഹദ്റത്ത് സൽമ ബിൻ അക്‌വഅ് പറയുന്നു: 'ഞാൻ ആ ദിവസം ഏഴുപേരെ വധിച്ചിട്ടുണ്ടായിരുന്നു.' മറ്റൊരു നിവേദനത്തിൽ 9 പേരെ വധിച്ചതായും പറയുന്നുണ്ട്.

ബാക്കി ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്:

ഇനി ഞാൻ ചില പരേതാത്മക്കളെ അനുസ്മരിക്കുകയാണ്. ഇതിൽ ആദ്യത്തെ അനുസ്മരണം ജനാബ് ത്വയ്യിബ് അഹ്മദ് സാഹിബ് ബംഗാളി ദർവേശ് ഖാദിയാനിന്റേതാണ്. ഇദ്ദേഹം 2024 ഡിസംബർ 11-ന് 97-ാമത്തെ വയസ്സിൽ വഫാത്തായി. *ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ.* ബംഗ്ലാദേശിലാണ് ഇദ്ദേഹം ജനിച്ചത്. 1942-ൽ ഇദ്ദേഹത്തിന് ധാക്കയിൽ ബയ്അത്ത് ഫോറം പൂരിപ്പിച്ച് അഹ്മദിയ്യജമാഅത്തിൽ പ്രവേശിക്കാൻ സൗഭാഗ്യം ലഭിച്ചു. 1945-ൽ ആദ്യമായി ഖാദിയാൻ ജൽസയിൽ പങ്കെടുക്കുകയും ഹദ്റത്ത് മുസ്‌ലിഹ് മൗഊദുؓമായി കൂടിക്കാഴ്ചയ്ക്ക് അവസരം ലഭിക്കുകയും ചെയ്തു. തന്റെ നാട്ടിൽ തിരിച്ചുപോകാൻ സാധ്യമല്ലാത്തവിധം ഖാദിയാനോടുള്ള സ്നേഹം മനസ്സിൽ കുടികൊണ്ടു. ഇദ്ദേഹം ഖാദിയാനിൽ താമസിക്കുമ്പോൾ രണ്ടു വർഷം ഗ്രാമീണ മുബല്ലിഗുമാർക്കുള്ള സ്പെഷ്യൽ ക്ലാസിൽ പഠിച്ചിട്ടുണ്ട്. ഇതിന്നിടയിൽ 1947-ലാണ് വിഭജനമുണ്ടാകുന്നത്. അദ്ദേഹം ഖാദിയാനിൽ താമസിക്കാൻ അപേക്ഷിക്കുകയും അതിന് അനുമതി ലഭിക്കുകയും ചെയ്തു. ദർവേശീ കാലഘട്ടത്തിൽ അദ്ദേഹത്തിന് വിവിധ സ്ഥലങ്ങളിൽ സെക്യൂരിറ്റി ഡ്യൂട്ടി ചെയ്യാൻ അവസരം ലഭിച്ചിട്ടുണ്ട്. സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ വിവിധ ഓഫീസുകളിൽ സേവനം ചെയ്യാനുള്ള അവസരവും കിട്ടി. 1955-56 കാലഘട്ടത്തിൽ ജമാഅത്തിന്റെ സാമ്പത്തികാവസ്ഥ വളരെ മോശമായിരുന്നു. അന്ന് സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ ദർവേശുമാരോടു എന്തെങ്കിലും ജോലി ചെയ്ത് ഉപജീവനത്തിന് മാർഗം കണ്ടെത്തണമെന്ന് വിളംബരം ചെയ്തു. ജമാഅത്തിന് അലവൻസ് കൊടുക്കാനോ അവരുടെ സാമ്പത്തിക ഭാരം ഈ സമയത്ത് വഹിക്കാനോ സാധ്യമല്ലെന്നും അറിയിച്ചു. ഈ നിർദേശത്തെ തുടർന്ന് അദ്ദേഹം ദാറുൽ മസീഹിന് പുറത്ത് ബാസാറിൽ ഒരു ചായക്കട തുടങ്ങി. അധികസമയവും അതിൽനിന്ന് അതിഥികൾക്കും സാധു ജനങ്ങൾക്കും ചായ നല്കുമായിരുന്നു.

കേരളത്തിൽ നിന്നുള്ള ത്വലാഖായ ഒരു സ്ത്രീ ആമിന ബീവി സാഹിബയുമായി അദ്ദേഹത്തിന്റെ വിവാഹം നടന്നു. അവർക്ക് നേരത്തെതന്നെ ഒരു മകളുണ്ടായിരുന്നു. ഈ മകളെ അദ്ദേഹം നല്ല രീതിയിൽ ശിക്ഷണം നല്കി വളർത്തി. ഏതാനും വർഷം മുമ്പേ ഇദ്ദേഹത്തിന് മുട്ടുകാലിന് സാരമായ ബുദ്ധിമുട്ടുണ്ടായി. നടക്കാനും ഇരിക്കാനുമൊക്കെ പ്രയാസമായിരുന്നു. ഡോക്ടർമാർ ഓപ്പറേഷൻ ചെയ്യാൻ നിർദേശിച്ചെങ്കിലും അദ്ദേഹം അതിന് തയ്യാറായില്ല. പ്രത്യുത വളരെ വേദനയോടുകൂടി കരഞ്ഞുകരഞ്ഞ്ദുആ ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം പറയുന്നു: ഒരു രാത്രി ഞാൻ ഒരു സ്വപ്നം കണ്ടു, ഹദ്റത്ത് മസീഹ് മൗഊദ്ؑവന്നിരിക്കുന്നു. ബിഹിശ്തി മഖ്ബറയിലെ ചില പച്ചമരുന്നു ചെടികൾ തിന്നാൻ തന്നു. അതിനുശേഷം പിന്നെ പതുക്കെപ്പതുക്കെ കാൽമുട്ടുകളുടെ വേദന ഇല്ലാതായി. അദ്ദേഹം തന്റെ ആഗ്രഹ പ്രകാരം വീണ്ടും കൃത്യമായി മസ്ജിദ് അഖ്സ്വയിലും മുബാറക്കിലും വന്നുതുടങ്ങി. ഖിലാഫത്തുമായി അദ്ദേഹത്തിന് അനിതരസാധാരണമായ ബന്ധവും സ്നേഹവുമുണ്ടായിരുന്നു. കളികളോടും താൽപര്യമുള്ള ആളായിരുന്നു. അതുകൊണ്ട് യുവാക്കളുമായി അദ്ദേഹത്തിന് പ്രത്യേക ബന്ധമായിരുന്നു. കളി മൈതാനത്ത് വന്ന് കളിക്കുന്നവരെ പ്രോത്സാഹിപ്പിച്ചിരുന്നു. അങ്ങനെ കുട്ടികളുടെ തർബിയ്യത്തും നടന്നിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓന്റെ നിർദേശ പ്രകാരം വിഭജന കാലത്ത് 313 ദർവേശുമാരിലും ഭാഗഭാക്കായി. ഈ അടുത്ത കാലത്ത് വഫാത്തായ അവസാനകാല ദർവേശുമാരിൽ ഇദ്ദേഹവും ഉൾപ്പെടുന്നു. ഇനി ഖാദിയാനിൽ ഒരു ദർവേശും ബാക്കിയില്ല. ഈ വർഷത്തെ ഖാദിയാനിലെ ജൽസ ദർവേശുമാരുടെ സാന്നിദ്ധ്യമില്ലാത്ത ആദ്യത്തെ ജൽസയാകുന്നു. ഇന്ന് അതാരംഭിക്കുകയാണ്. ഇനി ഖാദിയാനിൽ വസിക്കുന്ന പുതിയ തലമുറ ഈ ത്യാഗം ചെയ്ത മഹാത്മാക്കളുടെ പാരമ്പര്യം നിലനിറുത്തിക്കൊണ്ട് കൂറോടും

**• ഹദീഥുന്നബ്‌വിﷺ •**

**"അദ്ദാലു അലൽഖയ്‌രി കഫായിലിഹീ."**

**നന്മയെക്കുറിച്ചു മാർഗദർശനം നല്കുന്നയാൾ അത് ചെയ്യുന്നവനെപ്പോലെയാണ്.**

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

**• ഹദീഥുന്നബ്‌വിﷺ •**

**"യിദത്തുൽ മുഅ്മിനി കഅഖ്ദിൽകഫ്ഫി."**

**വിശ്വാസിയുടെ വാഗ്ദാനം കൈയിൽ കിട്ടിയതുപോലെയാണ്.**

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

ആത്മാർഥതയോടും കൂടി ഖാദിയാനിൽ ജീവിക്കേണ്ടതാണ്. അല്ലാഹു അവർക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

അടുത്ത അനുസ്മരണം സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ പാക്കിസ്ഥാൻ സ്വദ്റായിരുന്ന മിർസാ മുഹമ്മദുദ്ദീൻ നാസ് സാഹിബിന്റേതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിൽ പിതാവ് മുഖേനയാണ് അഹ്മദിയ്യത്തെത്തിയത്. അദ്ദേഹം വില്ലേജ്‌രജിസ്ട്രർ ഹശ്മത്തുല്ലാഹ് സാഹിബിന്റെ തബ്‌ലീഗ് മുഖേന 1942-ൽ അഹ്മദിയായി. മുഹമ്മദുദ്ദീൻ സാഹിബിന്റെ വിവാഹം സയ്യിദ് അബ്ദുൽ ഹാദി സാഹിബിന്റെ മകൾ സയ്യിദ നുസ്റത്ത് ജഹാൻ സാഹിബയുമായി നടന്നു. ഇവർക്ക് ഒരു മകനുണ്ടായിരുന്നു, പക്ഷേ യുവത്വത്തിൽത്തന്നെ മരണമടഞ്ഞു. പിന്നെ അദ്ദേഹം സഹോദരിയുടെ മകനെയും മകളെയും പരിപാലിച്ചു. കുട്ടികളെ സ്വന്തം മക്കളെപോലെ സംരക്ഷിക്കുകയും ചെയ്തു. മകളുടെ മകനും രോഗിയാണ്. അല്ലാഹു ശിഫാ നൽകുമാറാകട്ടെ. 1965-ൽ അദ്ദേഹം ജാമിഅയിൽ പ്രവേശിച്ചു. ബി.എ ചെയ്ത് കുറച്ചു കാലം വെളിയിൽ ജോലി ചെയ്തിരുന്നു. വീണ്ടും ജാമിഅയിൽ പ്രവേശിച്ചു. 1971-ൽ ജാമിഅ പാസായതിനുശേഷം അവിടെത്തന്നെ ഫീൽഡിൽ അദ്ദേഹം നിയമിക്കപ്പെട്ടു. പിന്നീട് ജാമിഅയിൽ അധ്യാപകനായി നിയമിതനായി. അറബി വ്യാകരണത്തിൽ സ്വർഫ് വ നഹ്‌വാണ് പഠിപ്പിച്ചിരുന്നത്. സാഹിത്യം, ഫിഖ്ഹ് അഥവാ കർമ ശാസ്ത്രം, ചരിത്രം തസവ്വുഫ് തുടങ്ങിയ വിഷയങ്ങളും പഠിപ്പിച്ചിരുന്നു. ജാമിഅയിൽ നാഇബ് പ്രിൻസിപ്പാളായും സേവനം ചെയ്തിട്ടുണ്ട്. 37 വർഷം ജാമിഅയിൽ സേവനം ചെയ്തിരുന്നു. പിന്നീട് അദ്ദേഹത്തെ അഡീഷണൽ നാളിർ തഅ്‌ലീമുൽ ഖുർആൻ വാവഖഫെ ആർസിയായി നിയമിച്ചു. 2018-ൽ ഞാൻ അദ്ദേഹത്തെ സ്വദ്ർ, സ്വദ്ർ അഞ്ചുമനായി നിയമിച്ചു. അവസാന ശ്വാസംവരെ ഈ സ്ഥാനത്ത് തുടർന്നു. ഖുദ്ദാമുൽ അഹ്മദിയ്യ അൻസ്വാറുല്ലാഹ് എന്നിവയിൽ കേന്ദ്രതലത്തിൽ ഒരുപാട് സേവനങ്ങൾക്ക് അവസരം ലഭിച്ചിട്ടുണ്ട്. അൻസ്വാറുല്ലായിൽ സ്വഫെ ദോമിന്റെ സ്വദ്റായിരുന്നു. ഖാലിദ്, അൻസാറുല്ലാഹ് എന്നീ മാസികകളുടെ എഡിറ്ററുമായിരുന്നു. 1994-ൽ ഏറെക്കുറെ ഒരു മാസത്തിലധികം അതായത് ഒന്നേകാൽ മാസം അദ്ദേഹത്തിന് ദൈവ മാർഗത്തിൽ ജയിലിൽ കഴിയാനും ഭാഗ്യം ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന് ദാറുൽ ഖളായിൽ ഖളാബോർഡ് മെമ്പർ എന്ന നിലയിലും സേവനം ചെയ്യാനുള്ള അവസരം ലഭിച്ചിട്ടുണ്ട്. മജ്‌ലിസെ ഇഫ്ത്താ മെമ്പറായിരുന്നു. ഫിഖ്ഹ് അഥവാ കർമശാസ്ത്ര പുനഃപരിശോധനാ കമ്മിറ്റി സ്വദ്റും ബുയൂത്തുൽ ഹംദ് കമ്മിറ്റി സെക്രട്ടറിയും അറബി ബോർഡ് സ്വദ്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. അദ്ദേഹത്തിന് നല്ല അറബി പാണ്ഡിത്യമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ആകെത്തുക 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്'എന്നതായിരുന്നു. അദ്ദേഹത്തിന്റെ സഹോദരി പുത്രൻ പറയുന്നു: മിർസാ നാസ് സാഹിബ് എന്നോടു പറഞ്ഞു, എനിക്ക് പത്തോ പന്ത്രണ്ടോ വയസ്സുള്ളപ്പോഴാണ് ഞാൻ തഹജ്ജുദ് നമസ്കാരം ആരംഭിച്ചത്. ഇതിന്നിടയിൽ വല്ല രോഗവുമുണ്ടായാലല്ലാതെ ഞാൻ തഹജ്ജുദ് ഉപേക്ഷിച്ചിട്ടില്ല. അതുപോലെ പത്തുപതിനൊന്ന് വയസ്സായപ്പോൾജമാഅത്തായി നമസ്കരിക്കാൻ ആരംഭിച്ചതാണ്. അന്നു മുതൽ എന്തെങ്കിലും അസുഖം കാരണമോ അല്ലെങ്കിൽ ഡോക്ടർമാർ വിലക്കിയതിനാലോ അല്ലാതെ എപ്പോഴും മസ്ജിദിൽ പോയിത്തന്നെ ജമാഅത്തായി നമസ്കാരിക്കുമായിരുന്നു.

അദ്ദേഹത്തിന്റെ മറ്റൊരു ബന്ധു പറയുന്നു: എനിക്ക് അദ്ദേഹത്തോടൊപ്പം ഒരുതവണ രാത്രി കഴിച്ചുകൂട്ടാൻ അവസരമുണ്ടായി. തണുപ്പ് കാലമായിരുന്നതിനാൽ നീണ്ട രാത്രിയായിരുന്നു. രാത്രി ഞാൻ കണ്ടത് ഇദ്ദേഹം എഴുന്നേറ്റ് ഏകദേശം 4 മണിക്കൂറോളം തുടർച്ചയായി തഹജ്ജുദ് നമസ്കരിക്കുന്നതാണ്. തണുപ്പുകാലത്തുള്ള നീണ്ട രാത്രികളിൽ വളരെ നേരം തഹജ്ജുദ് നമസ്കരിക്കേണ്ടതാണെന്ന് അദ്ദേഹം പറയുമായിരുന്നു.

വീണ്ടും അദ്ദേഹം പറയുന്നു: മിർസാ സാഹിബ് ഇദ്ദേഹത്തിന്റെ അമ്മാവനായിരുന്നു, പറയുന്നു: ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ്(റഹ്)ന്റെ കാലത്ത് ഇദ്ദേഹം രണ്ടു റക്അത്ത് നഫ്ൽ നമസ്കരിക്കാൻ ആരംഭിച്ചതാണ്, അത് ഇന്നും തുടർന്നുവരുന്നു.

ജൽസയിൽ അദ്ദേഹം ഇവിടെ വരാറുണ്ടായിരുന്നു. അദ്ദേഹത്തിൽ ആത്മാർഥതയും കൂറും പ്രകടമായിരുന്നു. ഞാനെപ്പോഴും അദ്ദേഹത്തിന്റെ കണ്ണുകളിൽ സ്നേഹവും അനുസരണയുടെ ഉത്തമ മാതൃകയും കണ്ടിരുന്നു. ഇവിടെ വരുമ്പോൾ അദ്ദേഹത്തെ ആരെങ്കിലും വിളിക്കുകയാണെങ്കിൽ, അദ്ദേഹം പറയുമായിരുന്നു, എനിക്ക് കാലത്തിന്റെ ഖലീഫയുടെ പിന്നിൽ ജമാഅത്തായി നമസ്കരിക്കണം, അതിനാൽ നമസ്കാരത്തിനു മുമ്പേ എന്നെ തിരിച്ച് കൊണ്ടുവരാൻ കഴയുമെങ്കിൽ ഞാൻ താങ്കളോടൊപ്പം വരാം. ഇല്ലെങ്കിൽ വരാൻ കഴിയില്ല.

അദ്ദേഹത്തിന്റെ സഹോദരൻ മുശ്താഖ് അഹ്മദ് ബേഗ് സാഹിബ് ഇവിടെയാണുള്ളത്. അദ്ദേഹം പറയുന്നു: പിതാവിന്റെ ആഗ്രഹ പ്രകാരം എന്റെ സഹോദരൻ ജമാഅത്തിനുവേണ്ടി ജീവിതം വഖ്ഫുചെയ്യുകയും അവസാന നിമിഷംവരെ തന്റെ കടമ യഥാവിധി നിർവഹിക്കുകയും ചെയ്തു. അദ്ദേഹം ബി.എ വിദ്യാഭ്യാസം നേടിയിരുന്നു. കാരണമെന്തെന്നാൽ അദ്ദേഹം ഉയർന്ന വിദ്യാഭ്യാസം നേടിയതിനുശേഷം തന്റെ ജീവിതം ജമാഅത്തിന് വഖ്ഫു ചെയ്യാൻ ആഗ്രഹിച്ചിരുന്നു. ജാമിഅയിൽനിന്ന് പാസ്സായതിനുശേഷം ഈജിപ്തിലെ ഒരു യൂണിവേഴ്സിറ്റി അദ്ദേഹത്തിന് ഒരു ജോലിയും ഉയർന്ന ശംബളവും വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ, അദ്ദേഹം അത് നിരസിക്കുകയും തന്റെ ജീവിതം അല്ലാഹുവിന് സമർപ്പിക്കാനാണ് ആഗ്രഹിക്കുന്നതെന്ന് പറയുകയും ചെയ്തു. അദ്ദേഹത്തിന് ജമാഅത്തിൽനിന്ന് ലഭിച്ചിരുന്ന അലവൻസ്, അതായത് മുറബ്ബിയുടെ അലവൻസ് 40 രൂപയായിരുന്ന കാലത്ത്, പ്രയാസപ്പെട്ട് കഴിഞ്ഞുകൂടേണ്ട കാലത്താണ് ഈ സംഭവം നടന്നത്.

ജാമിഅ അഹ്മദിയ്യ റബ്‌വയുടെ പ്രിൻസിപ്പാൾ മുബശ്ശിർ ഇയാസ് സാഹിബ് എഴുതുന്നു: ഞങ്ങൾ രണ്ടാമത്തെയോ മൂന്നാമത്തെയോ വർഷം ജാമിഅയിൽ പഠിക്കുകയായിരുന്നു. നാസ് സാഹിബ് ഞങ്ങളെ അറബി പഠിപ്പിച്ചിരുന്നു. ആ ദിനങ്ങളിൽ അദ്ദേഹത്തിന്റെ ഒരു സഹോദരിക്ക് ബ്ലഡ് ക്യാൻസർ ഉണ്ടായി. ഡോക്ടർമാർ ഇനി ചികിത്സയില്ലെന്ന് പറഞ്ഞിരുന്നു. അവർ ജാമിഅയുടെ പരിസരത്ത് അദ്ദേഹത്തിന്റെ കൂടെത്തന്നെയായിരുന്നു താമസിച്ചിരുന്നത്. അവർക്ക് രക്തം കയറ്റേണ്ടതുണ്ടായിരുന്നു. രക്തത്തിന്റെ ബോട്ടിൽവെച്ച് അദ്ദേഹം ജാമിഅയിൽ ഞങ്ങൾക്ക് ക്ലാസ് എടുക്കാൻ വരുമായിരുന്നു. ക്ലാസ് ഒഴിവാക്കിയില്ല. അവരുടെ അവസ്ഥ വളരെ മോശമായിരുന്നു. അദ്ദേഹം ക്ലാസ് എടുത്തുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന്റെ ഒരു ബന്ധു വന്നു അദ്ദേഹത്തെ വിളിച്ചു. നാസ് സാഹിബ് അദ്ദേഹത്തിന്റെ അടുത്ത് പോയി അദ്ദേഹത്തോട് വിവരം അന്വേഷിച്ച് വീണ്ടും ഞങ്ങൾക്ക് ക്ലാസ് എടുക്കാൻ അകത്തു വന്നു. അദ്ദേഹം ആ സമയത്ത് ഒരു അറബി കവിത പഠിപ്പിക്കുകയായിരുന്നു. അതിൽ വിഷമകരമായ കുറച്ചുവരികളുമുണ്ടായിരുന്നു. ആ വരികൾ പഠിപ്പിച്ചപ്പോൾ അദ്ദേഹത്തിന്റെ ശബ്ദമിടറുകയും കണ്ണുകളിൽ നിന്ന് കണ്ണീരൊഴുകുകയും ചെയ്തു.

നാസ് സാഹിബ് വളരെ ധൈര്യശാലിയാണ്. അദ്ദേഹത്തിന് ഇതെന്തുപറ്റിയെന്ന് ഞങ്ങൾ അത്ഭുതപ്പെട്ടു. അദ്ദേഹം നല്ല രീതിയിൽ ആ പിരീഡ് ക്ലാസ്സെടുത്തു. പിരീഡ് അവസാനിച്ചതിനുശേഷം അദ്ദേഹം വേഗം ക്ലാസിന് വെളിയിൽ പോയി. അദ്ദേഹം ക്ലാസ് എടുത്തുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തെ കാണാൻ വന്ന വ്യക്തി അദ്ദേഹത്തിന്റെ സഹോദരി വളരെ മോശമായ അവസ്ഥയിലാണെന്ന് അദ്ദേഹത്തെ അറിയിക്കാൻ വന്നതായിരുന്നു എന്ന കാര്യം പിന്നീടാണ് ഞങ്ങൾ അറിഞ്ഞത്. എന്നാൽ, നാസ് സാഹിബ് തന്റെ കടമ നിർവഹിക്കുന്നതിന് മുൻഗണന നൽകിക്കൊണ്ട് ക്ലാസ് കഴിഞ്ഞതിനുശേഷമാണ് പോയത്. കുറച്ചു സമയത്തിനുശേഷം അദ്ദേഹത്തിന്റെ സഹോദരി വഫാത്താ

**• ഹദീഥുന്നബ്‌വി(സ) •**

**"തർക്കുദ്ദുആഇ മഅ്സ്വിയത്തുൻ'**

**ദുആ ഉപേക്ഷിക്കുന്നത് പാപമാണ്.**

ത്വാലിബെ ദുആ
**RAHMAN SHAKEER & FAMILY**
AHMADIYYA JAMA-ATH KARULAI, KERALA

**• ഹദീഥുന്നബ്‌വി(സ) •**

**"സിൻ വർജിഹ്."**

**അളന്നു കൊടുക്കുമ്പോൾ കൂടുതൽ കൊടുക്കുക.**

ത്വാലിബെ ദുആ
**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

യി എന്നാണ് മനസ്സിലാകുന്നത്.

അദ്ദേഹം ധാരാളം സവിശേഷ ഗുണങ്ങളുള്ള വ്യക്തിയായിരുന്നു. അദ്ദേഹം തന്റെ വഖ്ഫിന്റെ കടമ നിർവഹിച്ചു. അഹ്മദിയ്യ ഖിലാഫത്തുമായി അദ്ദേഹത്തിന് അഗാധമായ കൂറിന്റെയും ആത്മാർഥതയുടെയും ബന്ധമായിരുന്നു. അല്ലാഹു അദ്ദേഹത്തോട് കരുണയോടും പൊറുമയോടും പെരുമാറട്ടെ.

മൂന്നാമത്തെ അനുസ്മരണം അക് മുറാത്ത് ഖാക്കീവ് സാഹിബിന്റേതാണ്. ഇദ്ദേഹം തുർക്ക്മനിസ്ഥാൻ(Turkmenistan) നാഷണൽ സ്വദ്ർ ആയിരുന്നു. കഴിഞ്ഞ ദിവസം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഡോക്ടർ അബ്ദുൽ അലീം സാഹിബ് മുഖേനയാണ് ജമാഅത്തിനെ പരിചയപ്പെട്ടത്. റാവേൽ ബുഖാറോ സാഹിബിന്റെയും അബ്ദുൽ അലീം സാഹിബിന്റെയും സംയുക്ത തബ്ലീഗിന്റെ ഫലമായാണ് ബയ്അത്ത് ചെയ്തത്. തബ്ലീഗ് മുഖേന മനസ്സുകൊണ്ട് അഹ്മദിയായിട്ടുണ്ടായിരുന്നെങ്കിലും ബയ്അത്ത് ചെയ്തിരുന്നില്ല. 2010-ൽ ആദ്യമായി ജൽസയിൽ പങ്കെടുക്കുകയും ഇവിടെ വന്ന് എന്നെ കാണുകയും ചെയ്തു. അതിനുശേഷം ആഗോള ബയ്അത്തിൽ പങ്കെടുത്തു. കാലത്തിന്റെ ഖലീഫയ്ക്ക് ബയ്അത്ത് ചെയ്യുന്നു എന്ന കാര്യത്തിൽ വലിയ സന്തോഷവാനായിരുന്നു.

പറയുന്നു: ബയ്അത്തിന്റെ വാക്കുകൾ ചൊല്ലിക്കൊണ്ടിരിക്കുമ്പോൾ ആത്മാർഥതയുടെയും കൂറിന്റെയും വിശ്വാസത്തിന്റെയും കരുത്തു കാരണം അദ്ദേഹത്തിന്റെ മുഖത്ത് അതിന്റെ പ്രഭാവങ്ങൾ പ്രകടമായിക്കൊണ്ടിരുന്നു. കുറച്ചുമുമ്പേവരെ ചിരിച്ചു സംസാരിച്ചുകൊണ്ടിരുന്ന അതേ അക് മുറാത്ത് സാഹിബാണ് അതെന്ന് എനിക്ക് വിശ്വാസം വന്നിരുന്നില്ല. ഏതാനും വർഷം മുമ്പേ തുർക്മാനി ഭാഷയിൽ വിശുദ്ധ ഖുർആൻ തർജമയുടെ ജോലി ആരംഭിച്ചു. കഴിഞ്ഞ വർഷം അത് പൂർത്തിയാക്കുകയും ചെയ്തു. കഴിഞ്ഞ വർഷം യുകെ ജൽസയിൽ പങ്കെടുത്തതിനുശേഷം ഇവിടെ കൂടുതൽ സമയം തങ്ങുന്നതിനു എന്നോടു അനുവാദം ചോദിച്ചു. എന്റെ അനുവാദത്തെ തുടർന്ന് അദ്ദേഹം ഇവിടെ താമസിക്കുകയും ചെയ്തു. ആ ദിവസങ്ങളിലെല്ലാം നമസ്കാര കാര്യത്തിൽ വളരെ ശുഷ്കാന്തി കാണിച്ചിരുന്നു. കൂടാതെ വിശുദ്ധ ഖുർആൻ തർജമ കേന്ദ്ര റഷ്യൻ ഡസ്കിന്റെ സഹായത്തോടെ ഗ്രന്ഥ രൂപത്തിൽ തയ്യാറാക്കുകയും ചെയ്തു. അക് മുറാത്ത് സാഹിബ് തുർക്ക്മെനിസ്ഥാനിലെ ആദ്യത്തെ അഹ്മദി മാത്രമായിരുന്നില്ല. പ്രത്യുത തന്റെ മരണം വരെയും തുർക്ക്മെനിസ്ഥാനിലെ ജമാഅത്ത് സ്വദ്റായും സേവനം അനുഷ്ഠിച്ചിരുന്നു. അദ്ദേഹം തന്റെ ഒരു ഇന്റർവ്യൂയിൽ പറയുന്നു: ഞാൻ ജന്മനാ മുസ്‌ലിമായിരുന്നു. എന്നാൽ, ഒരു സാമ്പ്രദായിക മുസ്‌ലിം മാത്രമായിരുന്നു. സോവിയറ്റ് യൂണിയന്റെ കാലമായിരുന്നു അത്. കമ്മ്യൂണിസത്തെയും ഞാൻ പിന്തുണച്ചിരുന്നു. പക്ഷേ, ഇസ്‌ലാമിന്റെ സവിശേഷ ഭാവങ്ങൾ അന്നും ഞങ്ങൾക്കുള്ളിൽ സുഭദ്രമായിരുന്നു. ഞാൻ ഗണിതത്തിൽ വിദ്യാഭ്യാസം കരസ്ഥമാക്കി. പക്ഷേ, അടിസ്ഥാനപരമായി ദൈവം ആരാണെന്ന് അന്വേഷിച്ചുകൊണ്ടിരുന്നു. അല്ലാഹുവാണോ അതോ മറ്റാരെങ്കിലുമോ? അല്ലാഹുവാണോ മറ്റാരെങ്കിലുമാണോ എന്നത് മറ്റൊരു വിഷയമാണ്. ഞാൻ ദൈവത്തെ അന്വേഷിക്കുകയായിരുന്നു. അടിസ്ഥാനപരമായി ചില ഖുർആനിക വചനങ്ങൾ എനിക്ക് അറിയാമായിരുന്നു. എന്റെ പിതാവിന്റെ വഫാത്തിനുശേഷം ഞാൻ ഒരു സ്വപ്നം കണ്ടു. തൂവെള്ള വസ്ത്രധാരിയായ ഒരാൾ വന്നിരിക്കുന്നു. ആ വസ്ത്രത്തിന്റെ വെളുപ്പിനെ കുറിച്ച് എനിക്ക് പറയാൻ സാധ്യമല്ല. അദ്ദേഹം വന്നു ഒരു കൈകൊണ്ട് എന്നെ ആംഗ്യരൂപത്തിൽ വിളിച്ചു. ഒന്നും പറയുന്നുണ്ടായിരുന്നില്ല. അടുത്തു ചെല്ലാൻ ക്ഷണിച്ചു കൊണ്ടിരുന്നു. ഇത് 2001-ലെ കാര്യമാണ്. അതിനുശേഷം റാവേൽ സാഹിബിന്റെയും ഡോക്ടർ അലീം സാഹിബിന്റെയും തബ്ലീഗ് മുഖേന ഹദ്റത്ത് മസീഹ് മൗഊദ് ﷺ ന്റെ ആഗമനത്തെ കുറിച്ച് മനസ്സിലായി. ഹദ്റത്ത് മസീഹ് മൗഊദ്ﷺന്റെ ഫോട്ടോ കാണിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, ഈ മഹാത്മാവാണ് എന്നെ തന്റെ അടുത്ത് വിളിച്ചുകൊണ്ടിരുന്നത്. അങ്ങനെ അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചു. പിന്നെ അദ്ദേഹം പറഞ്ഞതുപോലെ 2010-ൽ വന്ന് ബയ്അത്ത് ചെയ്തു. പറയുന്നു, എന്റെ ഉള്ളിലുള്ള വൈകാരികാവേശം വാക്കുകൾകൊണ്ട് വിവരിക്കാൻ എനിക്ക് കഴിയില്ല. കാരണം അഹ്മദിയ്യത്ത് എനിക്ക് തന്ന പ്രകാശം എന്റെ മനസ്സ് അതേ കുറിച്ച് അനുഭവിച്ചറിയുന്നത് ഇപ്പോൾ എനിക്ക് വാക്കുകളിലൂടെ വിവരിക്കാൻ സാധ്യമല്ല.

ഇദ്ദേഹം വളരെ ആത്മാർഥതയും കൂറുമുള്ള ആളായിരുന്നു. ഓരോ ഖുത്ബയും പ്രഭാഷണവും ഞാൻ എന്റെ റൂഹിലൂടെ കടത്തി വിടുന്നു. മനഃപാഠമാകും വിധം ഞാൻ അത് ശ്രദ്ധാപൂർവ്വം കേൾക്കുന്നു. ലോകത്തിന്റെ ശാശ്വതത്വവും തുല്യ രീതിയിലുള്ള അവകാശ സംരക്ഷണവും അഹ്മദിയ്യ ജമാഅത്തുമായി ബന്ധിതമാണെന്ന് ഞാൻ മനസ്സിലാക്കുന്നു.

കഴിഞ്ഞ വർഷം യു.കെ ജൽസക്കുശേഷം അദ്ദേഹത്തിന് ഇവിടെത്തന്നെ തങ്ങാൻ കഴിയുമായിരുന്നില്ല. അദ്ദേഹം പറയുന്നു: തുർക്കുമനിസ്ഥാനിൽ എന്റെ വീട്ടിൽ ഒരു വിവാഹമുണ്ട്. അവിടെ എല്ലാ കുടുംബക്കാരും സന്നിഹിതരാണ്. കുടുംബനാഥൻ എന്ന നിലയ്ക്ക് ഞാൻ അവിടെ ഉണ്ടാകേണ്ടതാണ്. പക്ഷേ, ഞാൻ മനസ്സിലാക്കുന്നത് ഖുർആന്റെ തുർക്കുമാനി തർജമയുടെ ജോലിയെക്കാളും അനിവാര്യമായ ജോലി മറ്റൊന്നില്ലെന്നാണ്. അധികമധികമായി ഖുർആനു വേണ്ടി സേവനം ചെയ്യാമെന്നാണ് ആഗ്രഹം.അല്ലാഹു അദ്ദേഹത്തോടു പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും, അവർ ബയ്അത്ത് ചെയ്തിട്ടില്ലെങ്കിൽ അഹ്മദിയ്യത്ത് സ്വീകരിക്കാനും പ്രാവർത്തികമാക്കാനും തൗഫീഖ് നൽകുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഞാൻ ഇവരുടെ ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. *(വിവർത്തനം: എച്ച് ശംസുദ്ദീൻ കാവശ്ശേരി, ടൈപ്പ്സെറ്റിങ്ങ്: പി.എം.വസീം അഹ്മദ് ചേലക്കര)*

പേജ് 1 ൽ നിന്ന്

ക്കുന്നു. ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ യുദ്ധാഗ്നി ആളിപ്പടർന്നുകഴിഞ്ഞിരിക്കുന്നു. ഇക്കാലത്ത് ദൈവത്തിന്റെ കോപാഗ്നി മറ്റൊരു ആഗോളയുദ്ധത്തിന്റെ രൂപത്തിൽ പ്രകടമാകാനിടയുണ്ട്. അത്തരം യുദ്ധത്തിന്റെ ദൂഷ്യഫലങ്ങളും നാശവും ഒരു സാധാരണ യുദ്ധമോ അല്ലെങ്കിൽ ഇക്കാലത്തെ തലമുറവരെ മാത്രമോ ഒതുങ്ങി നിൽക്കുകയില്ല. വാസ്തവത്തിൽ അതിന്റെ ഭയാനകമായ ഫലങ്ങൾ വരുംതലമുറകൾവരെ പ്രകടമായിക്കൊണ്ടിരിക്കുന്നതാണ്. അന്ത്യകാലത്തിൻ ഗുരു ഹദ്റത്ത് മസീഹ് മൗഊദ്ﷺതന്റെ ജീവിതം മുഴുവൻ മുസ്‌ലിമീങ്ങൾക്കും ലോകത്തിനു തന്നെയും ആവർത്തിച്ചാവർത്തിച്ച് മുന്നറിയിപ്പു നല്കി;അവർ തൗബ ചെയ്യാതിരിക്കുകയും സത്യവാനായ ദൈവത്തിലും അവന്റെ റസൂലിലും കാലത്തിന്റെ ഇമാമിലും വിശ്വസിക്കാതിരിക്കുകയുമാണെങ്കിൽ അല്ലാഹുവിന്റെ കഠിനമായ നാശത്തിൽ അകപ്പെടുന്നതായിരിക്കും. ചരിത്രമിപ്പോൾ കഴിഞ്ഞുകടന്ന കറുത്ത അധ്യായങ്ങളേയും പേജുകളേയും ഒരിക്കൽക്കൂടി മറിച്ചുകൊണ്ടിരിക്കുകയാണ്. ദൈവത്തിന്റെ കോപാഗ്നിയുടെ വെളിപ്പെടൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇക്കാലത്തെ ചരിത്രം കോറിയിട്ടുകൊണ്ടു ഹദ്റത്ത് മസീഹ് മൗഊദ്ﷺപറയുന്നു:

“ഞാൻ സത്യമായും പറയുന്നു. ഈ രാജ്യത്തിന്റെ ഊഴവും അടുത്തു വന്നുകൊണ്ടിരിക്കുന്നു. നൂഹിന്റെ കാലം നിങ്ങളുടെ കൺമുമ്പിൽ വരുന്നതായിരിക്കും. ലൂത്വിന്റെ മണ്ണിലെ സംഭവം നിങ്ങൾ നേരിൽ കാണുന്നതായിരിക്കും. എന്നാൽ, ദൈവം കോപത്തിൽ സാവധാനിയാകുന്നു. നിങ്ങളിൽ കരുണ ചെയ്യപ്പെടുന്നതിന് നിങ്ങൾ പശ്ചാത്തപിക്കുക. ആരാണോ ദൈവത്തെ ഉപേക്ഷിക്കുന്നത് അവനൊരു കീടമാകുന്നു;മനുഷ്യനല്ല. ആരാണോ അവനെ ഭയപ്പെടാത്തത് അവൻ മരിച്ചവനാണ്; ജീവിച്ചിരിക്കുന്നവനല്ല.”*(ഹഖീഖത്തുൽ വഹി, റൂഹാനീ ഖസാഇൻ വാല്യം 22, പേജ് 269)*

ഹുദൂർ പറഞ്ഞു: മൂന്നാം ലോക മഹായുദ്ധത്തിന്റെ ദൂഷ്യഫലങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിന്


• ഹദീഥുന്നബ്‌വിﷺ •

“ലാ യഹില്ലു ലുമുഅ്മിനി അൻയ്യഹ്ജുറ അഖാഉ ഫൗഖ ഥലാഥത്തി അയ്യാമിൻ.”

ഒരു വിശ്വാസി തന്റെ സഹോദരനോടു മൂന്നുദിവസത്തിലധികം ബന്ധം വിച്ഛേദിക്കുന്നത് അനുവദനീയമല്ല

ത്വാലിബെ ദുആ

E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

• ഹദീഥുന്നബ്‌വിﷺ •

“സയ്യിദുൽഖൗമി ഖാദിമുഹും.”

സമുദായത്തിന്റെ നേതാവ് അവരുടെ സേവകനാണ്.

ത്വാലിബെ ദുആ

P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

ഒരു വഴിയുമില്ല;ദൈവത്തിന്റെ നേരെ കുനിയുകയും ദൈവത്തെ കൂട്ടുകാരനും തങ്ങളുടെ സഹായിയുമാക്കാതെ! കഴിഞ്ഞ രണ്ടു ദശകമായി സയ്യിദുനാ ഹദ്‌റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹ് മൂന്നാം ലോക മഹായുദ്ധത്തിന്റെ കെടുതികളെക്കുറിച്ച് ലോകത്തെ അറിയിച്ചുകൊണ്ടിരിക്കുന്നു. ജമാഅത്തംഗങ്ങളെ ദുആകളോടൊപ്പം തങ്ങളുടെ ജീവിതം നന്നാക്കുന്നതിനും ശിക്ഷണം നടത്തുന്നതിനും പ്രത്യേകമായി ശ്രദ്ധ ക്ഷണിച്ചുകൊണ്ടിരിക്കുന്നു; മൂന്നാം ലോക മഹായുദ്ധത്തിന്റെ ഭയാനകമായ ദൂഷ്യഫലങ്ങളിൽ നിന്ന് സ്വയം തങ്ങളേയും ഭാവി തലമുറയേയും സുരക്ഷിതമാക്കി വെക്കുന്നതിനുവേണ്ടി. പ്രസംഗകൻ ഇതുസംബന്ധമായി ഹുദൂറിന്റെ നിരവധി മാർഗനിർദേശങ്ങളും അവതരിപ്പിച്ചു. അവസാനമായി താഴെ പറയുന്ന ഹുദൂറിന്റെ ഉദ്ധരണി കേൾപ്പിച്ചുകൊണ്ടാണ് തന്റെ പ്രസംഗം ഉപസംഹരിച്ചത്. ഹുദൂർ പറഞ്ഞു:

"ലോകം ഭയാനകമായ നാശത്തിലേക്ക് ദ്രുതഗതിയിൽ പൊയ്ക്കൊണ്ടിരിക്കുകയാണ്. മുസ്‌ലിമീങ്ങളിൽ നീതിയില്ല. അമുസ്‌ലിമീങ്ങളിലും നീതിയില്ല. നീതിയില്ലെന്ന് മാത്രമല്ല, പ്രത്യുത അക്രമങ്ങളുടെ അതിരുകടക്കലാണ് കാണിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം നേരത്ത് ലോകത്തിന്റെ കണ്ണുകൾ തുറക്കുന്നതിനും അക്രമങ്ങളിൽനിന്ന് പിന്മാറാൻ പ്രേരിപ്പിക്കുന്നതിനും നാശത്തിന്റെ ഗർത്തത്തിൽ വീഴുന്നതിൽനിന്ന് രക്ഷപ്പെടുത്തുന്നതിനുമുള്ള കാര്യങ്ങൾ ചെയ്യാൻ കഴിയുന്നത് അഹ്‌മദിയ്യാ ജമാഅത്തിനുമാത്രമാണ്. ഇതിനുവേണ്ടി നമ്മളിലോരോരുത്തരും അവരവരുടെ വൃത്തത്തിൽ കർമപരമായി ശ്രമിക്കേണ്ടതാണ്. കർമപരമായ ശ്രമത്തോടൊപ്പം നമുക്ക് പ്രാർഥനകളിലേക്കും ഒത്തിരി ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. മുസ്‌ലിം രാജ്യങ്ങളുടെ അനീതികളും ദുഷ്കർമങ്ങളും അവരെ ആഭ്യന്തരമായ കലഹങ്ങളിൽ തളച്ചിട്ടിരിക്കുകയാണ്. അതിനോടൊപ്പം പുറത്തുനിന്നുള്ള അപകടങ്ങളും ദ്രുതഗതിയിൽ അവരുടെമേൽ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുകയാണ്. എന്നല്ല അവരുടെ പടിവാതിൽക്കൽവരെ അതെത്തിക്കഴിഞ്ഞിരിക്കുന്നു. ബാഹ്യമായി നോക്കുമ്പോൾ മഹായുദ്ധം വായ തുറന്നു നില്ക്കുന്നതായി തോന്നുന്നു. ലോകം അതിന്റെ ഫലങ്ങളെ തൊട്ട് അജ്ഞരല്ലെങ്കിലും തീർച്ചയായും അശ്രദ്ധരാണ്. ഇത്തരം ഘട്ടത്തിൽ മുഹമ്മദീ മസീഹിന്റെ ദാസന്മാർ തങ്ങളുടെ കർത്തവ്യം നിർവഹിച്ചുകൊണ്ട് നാശത്തിൽനിന്ന് ലോകത്തെ രക്ഷിക്കുന്നതിന് ദുആകളോടുള്ള കടമ ഒരുപാട് നിർവഹിക്കേണ്ട ആവശ്യമുണ്ട്. അല്ലാഹു അതിനോടുള്ള കടമകൾ നിറവേറ്റുന്നവരാക്കുകയും ലോകത്തെ നാശത്തിൽനിന്ന് രക്ഷപ്പെടുത്തുകയും ചെയ്യുമാറാകട്ടെ."*(അൽഫദ്ൽ ഇന്റർനാഷണൽ, 2013 മെയ് 17, പേജ് 7)*

ഈ സമ്മേളനത്തിലെ രണ്ടാമത്തെ പ്രസംഗം നാളിർ ഇസ്‌ലാഹ് വ ഇർശാദ് മർകസിയ്യ ഖാദിയാൻ മുളഫ്ഫർ അഹ്‌മദ് നാസിർ സാഹിബിന്റേതായിരുന്നു. "കാലത്തിന്റെ ഖലീഫയുടെ സ്ഥാനവും പദവിയും അനുസരണവും അതുമായി ബന്ധപ്പെട്ടിരിക്കേണ്ടതിന്റെ പ്രാധാന്യവും അനുഗ്രഹങ്ങളും" എന്നതായിരുന്നു അദ്ദേഹത്തിന്റെ വിഷയം.

അദ്ദേഹം സൂറത്തുന്നൂറിലെ 56-ാമത്തെ വചനം പാരായണം ചെയ്തു. അതിന്റെ അർഥവും കേൾപ്പിച്ചു. അതിനുശേഷം ഹദ്‌റത്ത് മസീഹ് മൗഊദ്‌ﷺന്റെ വാക്കുകളിൽ ഖിലാഫത്തിന്റെ അർഥം വിവരിച്ചു.

അദ്ദേഹം വ്യവസ്ഥിതിയോടു ബന്ധപ്പെട്ടിരിക്കേണ്ടതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് പ്രതിപാദിക്കുന്ന ഹദീഥ് കേൾപ്പിച്ചു. അതിനുശേഷം ഹദ്‌റത്ത് മസീഹ് മൗഊദ്‌ﷺന്റെ വാക്കുകളിൽ ഖിലാഫത്ത് എന്നതിന്റെ അർഥം വിശദീകരിച്ചു.

അദ്ദേഹം നിളാം അഥവാ വ്യവസ്ഥിതിയോടു ബന്ധപ്പെട്ടിരിക്കേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ചുള്ള നബിവചനം കേൾപ്പിച്ചു. ഹദ്‌റത്ത് ഇബ്നു അബ്ബാസ്ؓനിവേദനം. നബിﷺതിരുമേനി പറഞ്ഞു: തന്റെ ഭരണാധികാരിയിൽനിന്ന് അനിഷ്ടകരമായ കാര്യം കാണുന്നവൻ ക്ഷമ കൈക്കൊള്ളട്ടെ. കാരണം ആരാണോ നിളാം അഥവാ വ്യവസ്ഥിതിയിൽനിന്ന് ഒരു ചാൺ അകലുന്നത് അവന്റെ മരണം ജാഹിലിയ്യത്തിന്റെ മരണമായിരിക്കും.

അദ്ദേഹം അനുസരണം എന്ന വിഷയത്തെ സംബന്ധിച്ച് ഹദ്‌റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയുടേയും ഹദ്‌റത്ത് ഖാലിദ് ബിൻ വലീദിന്റേയും ഉദാഹരണങ്ങൾ സമർപിച്ചു. അദ്ദേഹം പറഞ്ഞു:അവസാന കാലഘട്ടത്തിലും നബിﷺതിരുമേനിയുടെ സത്യദാസനായ മസീഹ് മഹ്ദി ഹദ്‌റത്ത് മിർസാ ഗുലാം അഹ്‌മദ്ﷺ ഖാദിയാനിയേയും അവിടത്തെ ഖലീഫയേയും അനുസരിക്കേണ്ടതിന്റെ മഹത്തായ ഉദാഹരണങ്ങൾ അവതരിപ്പിച്ചു. നബിﷺതിരുമേനിയുടെ കാലഘട്ടത്തിലെ ഓർമകൾ പുതുക്കുന്നതായിരുന്നു അത്. ഇതുസംബന്ധമായി അദ്ദേഹം ഹദ്‌റത്ത് മിയാൻ കരീം ബഖ്ശ് സാഹിബിന്റെ സംഭവം, അഞ്ചാം ഖിലാഫത്തിന്റെ നേരത്ത് ജമാഅത്തിലെ മുഴുവൻ അംഗങ്ങളും ഒരൊറ്റ കൽപ്പനായാൽ ഇരിക്കുന്നതും ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ഉപദേശമനുസരിച്ച് ഹദ്‌റത്ത് അബൂഅഹദുല്ലാഹ് സാഹിബിന്റെ 65-ാം വയസ്സിൽ വിശുദ്ധ ഖുർആൻ മനഃപ്പാഠമാക്കിയതിന്റെ സംഭവവും സമർപിച്ചു. അദ്ദേഹം പറഞ്ഞു:ഖിലാഫത്തിനോടുള്ള അനുസരണവും ജമാഅത്ത് വ്യവസ്ഥിതിയോടുള്ള അനുസരണവും പസ്പരപൂരിതങ്ങളാണ്. ഇത് ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളാണ്. ഹദ്‌റത്ത് ഖലീഫത്തുൽമസീഹ് ഖാമിസ് അയ്യദഹുല്ലാഹ് ജമാഅത്ത് വ്യവസ്ഥിതി അനുസരിക്കേണ്ടതിനെ കുറിച്ച് പറയുന്നു:

"എപ്പോഴും ഓർമവെക്കുക!നിങ്ങളുടെ ദൃഷ്ടിപതിയുന്ന സ്ഥലം, നിങ്ങളുടെ ജീവിതോദ്ദേശ്യം അല്ലാഹുവിന്റെ തൃപ്തികരസ്ഥമാക്കുക എന്നതു മാത്രമായിരിക്കണം. അതായത് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും അവന്റെ വ്യവസ്ഥിതിയുടേയും-അത് കൽപ്പനകളും ചട്ടങ്ങളും തീരുമാനങ്ങളുമാണ്-പാലിക്കേണ്ടതാണ്. ഇതുസംബന്ധമായി നിങ്ങളുടെ അനുസരണത്തിൽ അല്പം പോലും വ്യത്യാസമുണ്ടാകാൻ വിടരുത്."*(ഖുത്ബ ജുമുഅ 2004 ആഗസ്റ്റ് 27)*

അദ്ദേഹം കാലത്തിന്റെ ഖലീഫയോടുള്ള പ്രേമത്തിന്റേയും സ്നേഹത്തിന്റേയും ചില സംഭവങ്ങൾ അവതരിപ്പിച്ചതിനുശേഷം ഈ വാക്കുകളിലാണ് തന്റെ പ്രസംഗം അവസാനിപ്പിച്ചത്. "അല്ലാഹു എല്ലാ അഹ്‌മദി പുരുഷന്മാരേയും സ്ത്രീകളേയും ഈ പ്രതിജ്ഞ നിറവേറ്റുന്നവരാക്കുമാറാകട്ടെ. ഖിലാഫത്തിനോടുള്ള കൂറിലും സ്നേഹത്തിലും ഉന്നതമായ നിലവാരം സ്ഥാപിക്കുന്നവരാകട്ടെ. അല്ലാഹു നമുക്കെപ്പോഴും ഖിലാഫത്തിനോടു ബന്ധപ്പെട്ടിരിക്കാനും തന്റെ പ്രിയപ്പെട്ടവരുടെ സ്നേഹം പ്രദാനം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ ഥുമ്മ ആമീൻ."

ഈ യോഗത്തിലെ മൂന്നാമത്തെ പ്രസംഗം നാളിർ ബയ്ത്തുൽമാൽ ആമദ് ഖാദിയാൻ റഫീഖ് അഹ്‌മദ് ബേഗ് സാഹിബിന്റേതായിരുന്നു."ധനത്യാഗ രംഗത്ത് അഹ്‌മദിയ്യ ജമാഅത്തംഗങ്ങളുടെ അതുല്യമായ മാതൃകയും അനുഗ്രഹവും" എന്നതായിരുന്നു അദ്ദേഹത്തിന്റെ വിഷയം. തുടക്കത്തിൽ അദ്ദേഹം ലൻ ***തനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ*** എന്ന് തുടങ്ങുന്ന ആയത്ത് പാരായണം ചെയ്തു. അതിന്റെ തർജമയും കേൾപ്പിച്ചു. നിങ്ങളിഷ്ടപ്പെടുന്നതിൽനിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾ പരിപൂർണ നന്മ പ്രാപിക്കുകയില്ല.(3:93)

അദ്ദേഹം പറഞ്ഞു:അല്ലാഹു ഇക്കാലത്ത് നമ്മളെ അഹ്‌മദിയ്യ ഖിലാഫത്തെന്ന ഏറ്റവും വലിയ നിഅ്മത്തുകൊണ്ട് അനുഗ്രഹിച്ചിരിക്കുകയാണ്. ഇതിൽനിന്ന് നമ്മുടെ തർബിയ്യത്തിനും തദ്കിയ്യത്തിനുമുള്ള വിഭവങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നു. വിശുദ്ധ ഖുർആനിൽ സ്വത്വസംസ്കരണത്തിനുള്ള ഒരു സുപ്രധാന മാർഗം പറഞ്ഞിട്ടുള്ളത് അല്ലാഹുവിന്റെ മാർഗത്തിലുള്ള ധനത്യാഗമാണ്. ഹുദൂർ അൻവർ ജമാഅത്തിനെ അല്ലാഹുവിന്റെ വഴിയിൽ നമ്മുടെ സമ്പത്ത് ചെലവഴിക്കാൻ നിരന്തരം ഉപദേശിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ പ്രിയപ്പെട്ട ഇമാമിന്റെ ഖുത്ബകളും പ്രഭാഷണങ്ങളും ഹദ്‌റത്ത് മസീഹ് മൗഊദ്‌ﷺന്റെ സ്വഹാബാക്കളും ആഗോള അഹ്‌മദിയ്യ ജമാഅത്തിലെ ആത്മാർഥരായവരുടെ ധനത്യാഗത്തിന്റെ ഈമാൻ ദൃഢീകരിക്കുന്ന വൃത്താന്തങ്ങളും നമ്മുടെ ഈമാനിലും ഇച്ഛാശക്തിയിലും ശക്തിയുണ്ടാകുന്നതിന് നിമിത്തമായിത്തീരുന്നു. ധനത്യാഗത്തിന്റെ ഈ സംഭവങ്ങൾ സ്വഹാബത്തിന്റെ ത്യാഗങ്ങളുടെ ഓർമ പുതിയതാക്കി തീർക്കുന്നു. ത്യാഗങ്ങളുടെ ഈ സംഭവങ്ങൾ കാണുമ്പോൾ ഹദ്‌റത്ത് മസീഹ് മൗഊദ്‌ﷺന്റെ ഈ പദ്യശകലം തുറന്ന നിലയിൽ നാവിൻതുമ്പിൽ വരുന്നു:

**മുബാറക് വൊ ജോ അബ്**
**ഈമാൻ ലായാ**
**സ്വഹാബ സെ മിലാ ജബ്**
**മുജ്കൊ പായാ**

പ്രസംഗകൻ ഇതുസംബന്ധമായി ഹദ്‌റത്ത് ഖലീഫത്തുൽമസീഹ് അവ്വൽؓന്റേയും ഹദ്‌റത്ത് മുൻശീ ളഫർ അഹ്‌മദ് സാഹിബ് കപൂർത്തലവിؓയുടേയും ധനത്യാഗത്തിന്റെ വിശ്വാസത്തെ പ്രോജ്വലിപ്പിക്കുന്ന സംഭവങ്ങൾ വിവരിച്ചു.

നബിﷺതിരുമേനി പറഞ്ഞു: രണ്ടുപേരോടല്ലാതെ മറ്റാരോടും അസൂയപ്പെടാൻ പാടില്ല. ഒന്ന്, ആർക്കാണോ അല്ലാഹു സമ്പത്ത് നല്കിയത് എന്നിട്ട് അയാൾ ദൈവഴിയിൽ ചെലവഴിക്കുകയും ചെയ്തു!

രണ്ട്, ആർക്കാണോ അല്ലാഹു ഗ്രാഹ്യശക്തിയും ബുദ്ധിയും അറിവും യുക്തിജ്ഞാനവും നല്കിയത്, അയാൾ അതിന്റെ സഹായത്താൽ ജനങ്ങൾക്കിടയിൽ വിധി കൽപ്പിക്കുകയും ആളുകളെ അതു പഠിപ്പിക്കുകയും ചെയ്യുന്നു. പ്രസംഗകൻ ലോകത്തിലെ വിവിധ രാജ്യങ്ങളിൽനിന്നുള്ള അഹ്‌മദികളുടെ ധനത്യാഗത്തിന്റെ വിശ്വാസത്തെ പ്രോജ്ജ്വലിപ്പിക്കുന്ന സംഭവങ്ങൾ വിവരിച്ചു. അവസാനം ഹദ്‌റത്ത് മസീഹ് മൗഊദ്‌ﷺന്റെ 'ഇസാലയെ

ഔഹാം' എന്ന ഗ്രന്ഥത്തിൽനിന്ന് ഒരു ഉദ്ധരണി സമർപിച്ച ശേഷം തന്റെ പ്രസംഗം അവസാനിപ്പിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്ؑപറയുന്നു:

"എന്റെ പ്രിയപ്പെട്ട സ്നേഹിതന്മാരേ!ഞാൻ നിങ്ങൾക്ക് ഉറപ്പു തരികയാണ്. നിങ്ങളോടു അനുകമ്പയോടെ പെരുമാറുന്നതിന് സത്യമായ ആവേശം എനിക്ക് അല്ലാഹു നല്കിയിരിക്കുന്നു. നിങ്ങളുടെ വിശ്വാസത്തിലും ജ്ഞാനത്തിലും വർധന ഉണ്ടാക്കുന്നതിന് എനിക്ക് സത്യമായൊരു ഈശ്വരീയജ്ഞാനം നല്കപ്പെട്ടിരിക്കുന്നു. ഈശ്വരീയജ്ഞാനത്തിന്റെ ആവശ്യം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും അങ്ങേയറ്റം ആവശ്യമുള്ളതാണ്. അതുകൊണ്ടുതന്നെ ഞാൻ അതു നല്കാൻ സന്നദ്ധനായി നിൽക്കുന്നു. അതായത് നിങ്ങളുടെ പരിശുദ്ധമായ ധനംകൊണ്ട് നിങ്ങളുടെ ദീനീപരമായ കാര്യങ്ങൾക്കുവേണ്ടി സഹായിക്കുക. ഓരോ വ്യക്തിയും അല്ലാഹു അയാൾക്ക് വിശാലതയും ശക്തിയും കഴിവും നല്കിയതനുസരിച്ച് ഈ വഴിയിൽ ചെലവഴിക്കാൻ മടികാണിക്കരുത്. അല്ലാഹുവിനെക്കാളും റസൂലിനെക്കാളും സ്വന്തം ധനത്തെ പ്രഥമമായി മനസ്സിലാക്കരുത്. പിന്നീടു ഞാൻ സാധിക്കുന്നിടത്തോളം സാഹിത്യങ്ങളിലൂടെ അല്ലാഹുവിന്റെ പരിശുദ്ധമായ ആത്മാവ് എനിക്കു നല്കിയിട്ടുള്ള ജ്ഞാനങ്ങളും അനുഗ്രഹങ്ങളും ഏഷ്യയിലേയും യൂറോപ്പിലേയും രാജ്യങ്ങളിൽ പരത്തുന്നതാണ്." *(ഇസാലയെ ഔഹാം, റൂഹാനീ ഖസാഇൻ, വാല്യം 3, പേജ് 516)*

അല്ലാഹു നമുക്കെല്ലാവർക്കും ധനത്യാഗത്തിന്റെ ഉന്നതനില കരസ്ഥമാക്കാൻ സൗഭാഗ്യം നല്കുമാറാട്ടെ.

**രണ്ടാം ദിവസത്തെ രണ്ടാമത്തെ യോഗം**

രണ്ടാം ദിവസത്തെ രണ്ടാമത്തെ യോഗം സ്വദ്ർ മജ്‌ലിസ് വഖ്ഫു ജദീദ് സയ്യിദ് തൻവീർ അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്നു. ഹാഫിള് ഫാറൂഖ് അഹ്മദ് അഅ്ളമിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ യോഗനടപടികളാരംഭിച്ചു. സൂറ ഹുജുറാത്തിലെ 12 മുതൽ 14 വരെയുള്ള വചനങ്ങളാണ് ഓതിയത്. ഇതിന്റെ ഉർദുതർജമ സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽഅഹ്മദിയ്യ ഭാരത് ശമീം അഹ്മദ് ഗോറി സാഹിബ് സമർപ്പിച്ചു. അതുകഴിഞ്ഞ് മുർശിദ് അഹ്മദ് ഡാറും അദ്ദേഹത്തിന്റെ കൂട്ടുകാരും വള രെ കർണാനന്ദകരമായ ഈണത്തിൽ സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓന്റെ,

**മെരി രാത് ദിൻ ബസ്**
**യഹി ഇക് സ്വദാഹെ**
**കെ ഇസ് ആലമെ കൗൺ**
**കാ ഇക് ഖുദാ ഹെ**
**ഉസീനെ ഹെ പയ്ദാ**
**കിയാ ഇസ് ജഹാൻ കൊ**
**സിത്താരോം കൊ സൂരജ്**
**കൊ ഔർ ആസമാൻ കൊ**

എന്ന പദ്യം ആലപിച്ചു.

അതിനുശേഷം ഈ സെഷനിലെ ആദ്യത്തെ പ്രസംഗം മൗലാനാ മുനീർ അഹ്മദ് സാഹിബ് ഖാദിമിന്റേതായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓന്റെ പ്രസംഗം "അഹ്മദിയ്യത്ത് അഥവാ ഹഖീഖി ഇസ്‌ലാം എന്നതിന്റെ പശ്ചാത്തലവും ശക്തമായ സ്വാധീനങ്ങളും"എന്ന വിഷയത്തെ അധികരിച്ചാണ് അദ്ദേഹം പ്രസംഗിച്ചത്. അദ്ദേഹം തന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ഒരു സ്വപ്നം വിവരിച്ചു. അതിൽ ഹദ്റത്ത് മസീഹ് മൗഊദ്ؑകണ്ടു:"ഞാൻ ലണ്ടൻ പട്ടണത്തിൽ ഒരു പ്രസംഗപീഠത്തിൽ നിൽക്കുകയാണ്. ഇംഗ്ലീഷ് ഭാഷയിൽ അതിശക്തമായ തെളിവുകളുദ്ധരിച്ച് ഇസ്‌ലാമിന്റെ സത്യസാക്ഷ്യം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്ؑഅതിനു വ്യാഖ്യാനം നല്കിയത് ഇപ്രകാരമായിരുന്നു: "വാസ്തവത്തിൽ ഞാനല്ല, എന്നാൽ, എന്റെ ഗ്രന്ഥങ്ങൾ ഇക്കൂട്ടരിൽ വ്യാപിക്കുന്നതായിരിക്കും. ധാരാളം സത്യവാന്മാരായ ഇംഗ്ലീഷുകാർ സത്യസാക്ഷ്യത്തിന്റെ ഇരകളായിത്തീരും."

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓചില സ്വപ്നങ്ങൾ കണ്ടിരുന്നു. അതിൽനിന്ന് അദ്ദേഹം മനസ്സിലാക്കിയത് ഇംഗ്ലണ്ടിലേക്കുള്ള യാത്രയും സമ്മേളനത്തിലെ പ്രസംഗവും അല്ലാഹുവിന്റെ ഇംഗിതത്തിൽനിന്നും അവന്റെ വിധിയിൽനിന്നുമുളളതാണെന്നാണ്. ഈ യാത്രയിൽ ഹുദൂർؓറയിൽമാർഗം ബോംബെയിലെത്തി. ബോംബെയിൽനിന്ന് കപ്പൽ മാർഗം ഏദനിലേക്ക് പുറപ്പെട്ടു. ഏദനിൽനിന്ന് പോർട്ട് സയീദിലേക്കും പിന്നീട് ഖാഹിറയിൽനിന്ന് ബയ്ത്തുൽ മുഖദ്ദസിലേക്കും ബയ്ത്തുൽമുഖദ്ദസിൽനിന്ന് ശാമിലേക്കും പിന്നീട് അവിടനിന്ന് ലണ്ടനിലുമെത്തി.

ഹുദൂർؓലണ്ടനിൽ ഒരുപാടാഴ്ച താമസിച്ചു. ഈ കാലയളവിൽ അവിടെ തബ്‌ലീഗ് ചെയ്യുന്നതിനുവേണ്ടി ധാരാളം പദ്ധതികൾ സമർപിച്ചു. ബ്രിട്ടണിലെ പത്രങ്ങളിൽ ഹുദൂറിന്റെ ആഗമനത്തേയും ആ മഹാത്മാവിന്റെ വ്യക്തിത്വത്തേയും യൂറോപ്പിൽ ഇസ്‌ലാംമതം പ്രചരിപ്പിക്കാനുള്ള ദൃഢനിശ്ചയത്തേയും കുറിച്ച് വിശാലമായ ചർച്ചകൾ നടന്നു. അസൂയാലുക്കളായ കത്തോലിക്ക സഭയുടെ ചില പത്രങ്ങളെഴുതി: "ഇതു ക്രൈസ്തവ മതത്തിന്നെതിരിലുള്ള ഒരു ഗൂഢാലോചനയാണ്." മറ്റു ചിലരെഴുതി: "ബ്രിട്ടനിൽ വരുന്ന അധികാരസ്ഥാനമുള്ള ഒരാൾക്കും അഹ്മദിയ്യ ജമാഅത്തിന്റെ ഇമാമിന് കൊടുക്കപ്പെട്ടതുപോലുള്ള കവറേജ് കൊടുത്തിട്ടില്ല." ഇതിന്നിടയിൽ ഹുദൂർؓബ്രിട്ടിനിലെ ആദ്യത്തെ മസ്ജിദിന് 1924 ഒക്ടോബർ 19-ന് തറക്കല്ലിട്ടു.

ഹുദൂർؓന്റെ മഹത്തായ പ്രഭാഷണം ശ്രോതാക്കളെ ഒരു മണിക്കൂർ നേരം ആശ്ചര്യത്തിലാക്കി. എല്ലാവരും വളരെ ശ്രദ്ധയോടും ചിന്തയോടുംകൂടി അതു കേൾക്കുകയും അതിനെ സംബന്ധിച്ച് നിരവധി ബുദ്ധിജീവികൾ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തു. അക്കാലത്തെ മാഞ്ചസ്റ്റർ ഗാർഡിയൻ എന്ന പത്രമെഴുതി:

"ഈ സമ്മേളനത്തെ ശബ്ദായമാനമാക്കിയ ഒരു സംഭവം ആ നേരത്ത് പ്രകടമായത്, ഇന്ന് ഉച്ചകഴിഞ്ഞു നടന്ന ഇസ്‌ലാമിലെ ഒരു കക്ഷിയെക്കുറിച്ചുള്ള ചർച്ചയായിരുന്നു. 'പുതിയകക്ഷി' എന്ന പദം ഞങ്ങൾ എളുപ്പത്തിനുവേണ്ടിയാണ് സ്വീകരിച്ചത്. ഇതിങ്ങനെ പറയുന്നത് ഇക്കൂട്ടർ ശരിയായി മനസ്സിലാക്കുന്നില്ല. ഈ കക്ഷിയുടെ അടിത്തറ അവർ പറഞ്ഞതനുസരിച്ച് ഇന്നേക്ക് 34 വർഷം മുമ്പേ ബൈബിളിലും മറ്റു മതഗ്രന്ഥങ്ങളിലുമുള്ള പ്രവചനങ്ങളനുസരിച്ച് വന്ന മസീഹാണിട്ടത്. ഈ ജമാഅത്തിന്റെ വാദം ഇതിന്റെ സ്ഥാപകർക്കുണ്ടായ വ്യക്തമായ വെളിപാടനുസരിച്ച് ദൈവംതന്നെയാണ് ഇതിന് അടിത്തറപാകിയത്; ഇസ്‌ലാം മുഖേന മനുഷ്യകുലത്തെ ദൈവത്തിന്റെ പക്കലെത്തിക്കുന്നതിനുവേണ്ടി. വെളുത്ത തലപ്പാവ് കെട്ടിയ ഒരു ഇന്ത്യക്കാരനുണ്ട്. അദ്ദേഹത്തിന്റെ മുഖകമലം തേജോമയവും വിളങ്ങുന്നതുമാണ്. കറുത്ത താടിയുണ്ട്. ഇദ്ദേഹത്തിന്റെ സ്ഥാനപ്പേര് ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഹാജ് മിർസാബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് എന്നാണ്. അല്ലെങ്കിൽ ചുരുക്കത്തിൽ 'ഖലീഫത്തുൽമസീഹ്' എന്നു പറയുന്നു. ഉര്യുക്ത കാര്യങ്ങൾ പ്രസംഗകൻ തന്റെ വിഷയത്തിൽ നല്ലവണ്ണം സമർപിച്ചു. 'ഇസ്‌ലാമിൽ അഹ്മദിയ്യ പ്രസ്ഥാനം' എന്നതായിരുന്നു ഈ ലേഖനത്തിന്റെ തലക്കെട്ട്. അദ്ദേഹത്തിന്റെ മറ്റൊരു ശിഷ്യൻ മനോഹരമായ തൊപ്പിയാണ് ധരിച്ചിരുന്നത്. അദ്ദേഹം ഖലീഫത്തുൽമസീഹിന്റെ പ്രസംഗം നല്ലരീതിയിൽ വായിച്ചു. ഇതിലധികവും ഇസ്‌ലാമിനെ പിന്തുണച്ചുകൊണ്ടുള്ള കാര്യങ്ങളാണുണ്ടായിരുന്നത്. അദ്ദേഹം തന്റെ പ്രസംഗം വികാരനിർഭരമായൊരു അഭ്യർഥനയോടെ അവസാനിപ്പിച്ചു. അതിൽ അദ്ദേഹം ഈ പുതിയ മസീഹിനേയും ഈ പുതിയ അധ്യാപനത്തേയും സ്വീകരിക്കുന്നതിന് ശ്രോതാക്കളെ ക്ഷണിച്ചു. ഇക്കാര്യം കൂടി പറയേണ്ടത് നിർബന്ധമാണ്. ഈ പ്രസംഗത്തിനു ശേഷം എത്രത്തോളം അഭിവാദ്യങ്ങളാണോ അധ്യക്ഷൻ പ്രകടിപ്പിച്ചത് അതിനുമുമ്പേ നടന്ന ഒരു പ്രസംഗത്തെ കുറിച്ചും ഇങ്ങനെ പറയപ്പെട്ടു കേട്ടില്ല."

ഈ യോഗത്തിലെ രണ്ടാമത്തെ പ്രസംഗം ഇൻചാർജ് ശുഅ്ബ രശ്ത്തനാത്വ മൗലാനാ തൻവീർ അഹ്മദ് സാഹിബ് ഖാദിമിന്റേതായിരുന്നു. പഞ്ചാബി ഭാഷയിലായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. അഹ്മദിയ്യ ജമാഅത്തും സൃഷ്ടിസേവനവും എന്നതായിരുന്നു അദ്ദേഹത്തിന്റെ വിഷയം. അദ്ദേഹം പറഞ്ഞു: ദൈവപ്രീതി കരസ്ഥമാ

**• ഹദീഥുന്നബ്‌വിﷺ •**

"ഇന്നമൽഅഅ്മാലു ബിന്നിയ്യാത്തി."

**കർമങ്ങൾ ഉദ്ദേശ്യത്തിലധിഷ്ഠിതമാകുന്നു.**

ത്വാലിബെ ദുആ — **Late DILSAD ABDULLATHEEF AND FAMILY KALLIKOTE**
PATHAPPIRIYAM, MALAPURAM

**• ഹദീഥുന്നബ്‌വിﷺ •**

"ലാ യശ്ക്കുറല്ലാഹ് മൻല്ലാ യശ്ക്കുറുന്നാസ."

**ജനങ്ങളോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദി കാണിക്കുകയില്ല.**




ത്വാലിബെ ദുആ — **DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD**
VAYANASHALA, PATHAPPIRIYAM, KERALA

ക്കുന്നതിന് അനുവദനീയമായ കാര്യങ്ങളിൽ മതവിവേചനവും വർഗവർണ വ്യത്യാസവുമൊന്നും കൂടാതെ ദൈവസൃഷ്ടികൾക്ക് സേവനം ചെയ്യുക, അവരെ സഹായിക്കുക, എന്നതിനാണ് 'ഖിദ്മത്തെഖൽഖ്' അഥവാ സൃഷ്ടിസേവനം എന്നു പറയുന്നത്. സൃഷ്ടിസേവനം ദൈവസ്നേഹത്തിന്റെ തേട്ടമാണ്. വിശ്വാസത്തിന്റെ ആത്മാവും ഇഹലോകത്തിന്റേയും പരലോകത്തിന്റേയും വിജയത്തിനുള്ള മാർഗമാകുന്നു ഇത്. സാമ്പത്തികമായി സഹായിക്കുക മാത്രമല്ല സൃഷ്ടിസേവനം. പ്രത്യുത ആരെയെങ്കിലും പരിപാലിക്കുക, ആർക്കെങ്കിലും വിദ്യാഭ്യാസം നല്കുക, ഗുണപ്രദമായ അഭിപ്രായം പറഞ്ഞുകൊടുക്കുക, ആർക്കെങ്കിലും എന്തെങ്കിലും കരവിരുത് പഠിപ്പിച്ചുകൊടുക്കുക, വൈജ്ഞാനികമായ സംരക്ഷണം നല്കുക, വിദ്യഭ്യാസപരവും ക്ഷേമപരവുമായ സ്ഥാപനങ്ങൾ സ്ഥാപിക്കുക, ആരുടെയെങ്കിലും ദുഃഖത്തിലും വേദനയിലും പങ്കുചേരുക ഇതുപോലെയുള്ള മറ്റു കാര്യങ്ങളിലും സേവനം ചെയ്യാൻ വിവിധ വഴികളുണ്ട്.

ഇസ്‌ലാമിൽ മനുഷ്യത്വത്തെ ആദരിക്കലും ദൈവസൃഷ്ടികളെ സേവിക്കലും സഹാനുഭൂതിയും വളരെ ബഹുമാന ദൃഷ്ടിയോടെയാണ് വെക്കപ്പെട്ടിരിക്കുന്നത്. വിശുദ്ധ ഖുർആനിലും നബിﷺ തിരുമേനിയുടെ ഹദീഥുകളിലും ഓരോയിടത്തും മനുഷ്യസൃഷ്ടിയെ സേവിക്കുന്നത് ഉന്നതമായ ധാർമികഗുണവും മഹത്തായ ആരാധനയുമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. പ്രസംഗകൻ വിശുദ്ധ ഖുർആനും തിരുഹദീഥുകളുമുദ്ധരിച്ചുകൊണ്ട് ഇസ്‌ലാമികാധ്യാപനങ്ങൾ വളരെ നല്ല നിലയിൽ അവതരിപ്പിച്ചു. ഇതുമായി ബന്ധപ്പെട്ട് നബിﷺതിരുമേനിയുടേയും ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റേയും പരിശുദ്ധ മാതൃകകൾ അതുപോലെതന്നെ ഇതുമായി ബന്ധപ്പെട്ട് അഹ്മദിയ്യ ജമാഅത്ത് മുഴുലോകത്തും ഏതു രീതിയിലാണോ സൃഷ്ടിസേവനം ചെയ്തുകൊണ്ടിരിക്കുന്നതിനെക്കുറിച്ചും പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട് മറ്റുള്ളവരുടെ അഭിപ്രായങ്ങളും ഉദ്ധരിച്ചു. (തുടരും)

തഫ്സീറെ കബീർ:

സൂറത്തുന്നഹ്‌ലിലെ 23-ാം വചനമായ ഇലാഹുക്കും ഇലാഹുൻവ്വാഹിദുൻ- **ഫല്ലദീന ലായുഅ്മിനൂന ബിൽആഖിറത്തി ഖുലൂബുഹും മ്മുൻകിറത്തുൻ വ്വഹും മ്മുസ്തക്ബിറൂന** *(നിങ്ങളുടെ ആരാധ്യൻ ഒരേയൊരു ആരാധ്യനാകുന്നു. എന്നാൽ, പരലോകത്തിൽ വിശ്വസിക്കാത്തവരാകട്ടെ, അവരുടെ ഹൃദയങ്ങൾ നിഷേധിക്കുന്നവയാണ്. അവർ അഹങ്കാരികളുമത്രെ)* എന്നതിനു നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضي الله عنه പറയുന്നു:

"നിങ്ങളുടെ ദൈവം ഒരേയൊരു ദൈവമാണെന്ന് പറഞ്ഞിട്ടുള്ളത് വെറും വാദമല്ല. വിശുദ്ധ ഖുർആൻ സത്യനിഷേധികളെ സംബോധന ചെയ്യുമ്പോൾ വെറും വാദം മാത്രമല്ല സമർപിക്കുന്നത്. കാരണം അവരിൽ കേവലവാദം സ്വാധീനം ചെലുത്തുകയില്ല. പ്രത്യുത അവർ അത്തരം അവസരത്തിൽ രണ്ടിൽ ഒരു മാർഗം സ്വീകരിക്കുന്നു. ഒന്നുകിൽ വാദം വിവരിച്ചതിനുശേഷം അതിനു മറുപടി നല്കുന്നു. അല്ലെങ്കിൽ തെളിവുകൾ വിവരിച്ചതിനുശേഷം പിന്നീട് അതിന്റെ ഫലം സമർപിക്കുന്നു. ഇതുതന്നെയാണ് ആ സ്വാഭാവികമായ മാർഗം. അവമുഖേന മാനുഷികമായ ബുദ്ധി തൃപ്തിയടയുന്നു. രണ്ടും അതാതിന്റെ രീതിയിൽ അങ്ങേയറ്റം സ്വാധീനമുണ്ടാക്കുന്നതാണ്. ചിലപ്പോൾ വാദം വിവരിച്ചശേഷം തെളിവുകൾ നല്കുന്നത് ഫലപ്രദമാകുന്നു. ചിലപ്പോൾ സംഭവങ്ങൾ വിവരിച്ചതിനുശേഷം അവയുടെ സ്വാഭാവികമായ ഫലം വിവരിക്കുന്നത് ഫലപ്രദമാകുന്നു. ഇവിടെ രണ്ടാമത്തെ മാർഗം സ്വീകരിക്കുകയും ആദ്യവചനങ്ങളുടെ ബുദ്ധിപരമായ ഫലം സമർപിക്കുകയും ചെയ്തിരിക്കുന്നു.

ആദ്യ വചനങ്ങളിൽ രണ്ടു വിഷയം വിവരിച്ചിരിക്കുകയാണ്. ഒന്ന് എല്ലാ പ്രപഞ്ചവും ഒരേയൊരു ബന്ധത്തിൽ കുരുക്കപ്പെട്ടിരിക്കുന്നു എന്നതാണ്. ഒരു വസ്തു മറ്റൊന്നിനെ ആശ്രയിച്ചുനിൽക്കുന്നു. മനുഷ്യസൃഷ്ടിപ്പ് അസ്സലാണ്. അവന്റെ ഒന്നാമത്തെ ഭക്ഷണം മൃഗപരമായിട്ടുള്ളതാണ്. മൃഗങ്ങൾ മരങ്ങൾ തുടങ്ങിയവയിൽനിന്ന് ആഹാരം കരസ്ഥമാക്കുന്നു. പിന്നീട് ആ മരവും ചെടികളും ദൈവികമായ വെള്ളംകൊണ്ടാണ് വളരുന്നത്. ആ വെള്ളം മനുഷ്യനു കുടിക്കാനും പ്രയോജനപ്പെടുന്നു. പിന്നീട് അതേ വെള്ളത്തിൽനിന്ന് സസ്യങ്ങൾ മുളയ്ക്കുന്നു. അതു മനുഷ്യന്റെ ആഹാരങ്ങളായിത്തീരുന്നു. ഈ എല്ലാ വസ്തുക്കളും രാവുംപകലും സൂര്യന്റേയും ചന്ദ്രന്റേയും നക്ഷത്രങ്ങളുടേയും സ്വാധീനഫലംകൊണ്ടാണ് വളരുന്നത്. മറുഭാഗത്ത് അവയുടെ നിലനില്പിനുള്ള മാർഗം സമുദ്രമാണ്. അതിൽ വെള്ളത്തിന്റെ ഖജനാവ് ഇരിക്കുന്നു. ഇതിൽനിന്ന് വെള്ളം അരിച്ച് പിന്നീട് മനുഷ്യർക്ക് ലഭിക്കുന്നു. ഈ സമുദ്രത്തെ അതിന്റെ അവസ്ഥയിൽ നിറുത്തുന്നതിന് മലകളുണ്ട്. അത് വെള്ളം ശേഖരിച്ചു വെക്കുന്നു. അവിടെനിന്ന് നദികളിലൂടെ വെള്ളം ഒഴുകി, പ്രത്യേകവഴികളിലൂടെ സമുദ്രത്തിൽ പതിക്കുന്നു. ജനവാസത്തിന് അർഹമാകാത്തവിധം ഭൂമിയുടെ ഉപരിതലത്തിൽ പരന്നു പോകുകയില്ല. ഈ എല്ലാ കാര്യങ്ങളിൽനിന്നും വ്യക്തമായൊരു ഫലമുണ്ടാകുന്നതെന്താണെന്നാൽ, ദുൻയാവിലെ എല്ലാ വസ്തുക്കളും ഒന്നു മറ്റൊന്നിനോടു ബന്ധപ്പെട്ടിരിക്കുന്നു എന്നതാണത്. ലോകം വിവിധ വസ്തുക്കളുടെ ശേഖരമല്ല. പ്രത്യുത അതിന്റെ വ്യത്യാസം എങ്ങനെയുള്ളതാണെന്നാൽ ചങ്ങലയുടെ കണ്ണികൾപോലെയാണ്. ഒരു കണ്ണി എടുത്തുമാറ്റിയാൽ ആ ചങ്ങല, ചങ്ങലയായി ഇരിക്കുകയില്ല. ഇപ്രകാരം പ്രപഞ്ചത്തിൽനിന്ന് ഒരു വസ്തു എടുത്തുമാറ്റിയാൽ മുഴുവൻ ലോകവും നശിച്ചുപോകുന്നതായിരിക്കും. സമുദ്രംവറ്റി വെള്ളം ഇല്ലാതാകും. നദി വറ്റി സമുദ്രത്തിൽ വെള്ളമില്ലാതാകും. നദികൾക്കുവേണ്ടി വഴിയൊരുക്കുന്ന ഈ നിലം അകന്ന് മുഴുലോകത്തും വെള്ളം പരക്കുന്നതായിരിക്കും. ഭൂമി താമസത്തിന് യോഗ്യമാകുകയില്ല. പർവതങ്ങളെ ഇല്ലാതാക്കിയാൽ ഭൂമിയിൽ അത് ഭൂകമ്പങ്ങൾ കൊണ്ടുവരും. മനുഷ്യൻ നശിക്കുകയും ചെയ്യും. പുഴകൾക്ക് വെള്ളത്തിന്റെ ഖജനാവ് അവശേഷിക്കുകയില്ല. ആ എല്ലാവെള്ളവും ക്ഷണത്തിൽ സമുദ്രത്തിൽപോയി പതിക്കും. ഒരു ഭാഗത്ത് ലോകം വെള്ളപ്പൊക്കത്തിന് ഇരയാകുകയാണെങ്കിൽ മറുഭാഗത്ത് വർഷം മുഴുവൻ വെള്ളമുണ്ടാകുന്ന അവസ്ഥ ഇല്ലാതാകും. ചന്ദ്രനേയും നക്ഷത്രങ്ങളേയും ഇല്ലാതാക്കുകയാണെങ്കിൽ അതുമുഖേന ഉണ്ടാകുന്ന സൃഷ്ടികൾ ഇല്ലാതാകും. ഭൂമി അതിന്റെ അവസ്ഥയിൽ നിലനില്ക്കുകയില്ല. സൂര്യനെ മാറ്റി നിറുത്തകയാണെങ്കിൽ കാർമേഘങ്ങളുടെ പരമ്പര ഇല്ലാതാകും. പച്ചക്കറികൾ പാകമാകുന്നത് ഇല്ലാതാകും. മനുഷ്യരുടെ ആരോഗ്യം മോശമാകും. അവന്റെ പച്ചക്കറിഭക്ഷണത്തിന്റെ ഉൽപാദനം സാധ്യമല്ലാതാകും. ചുരുക്കത്തിൽ ഈ എല്ലാ പ്രപഞ്ചവും ചേർന്നാണ് മനുഷ്യനെ സേവിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഓരോഭാഗവും മറ്റേഭാഗത്തിന്റെ നിലനില്പിനുള്ള മാർഗമാണ്. ഇങ്ങനെയുള്ള അവസ്ഥയാകുമ്പോൾ ആ ദൈവവിശ്വാസം എങ്ങനെ ശരിയാകാനാണ്. പലദൈവങ്ങൾ ചേർന്നാണ് ലോകം സൃഷ്ടിച്ചിട്ടുള്ളതെങ്കിൽ മറ്റുള്ളതിൽനിന്നെല്ലാം വ്യത്യസ്തമായ സ്വതന്ത്രഭാഗമാണെന്ന് പറയാൻ ഏതു ഭാഗമാണുണ്ടാകുക. മറ്റാരോ സൃഷ്ടിച്ചതാണെന്ന് മനസ്സിലാക്കാനും മറ്റുള്ളതിൽനിന്ന് സ്വതന്ത്രമായ ഭാഗമാണെന്ന് പറയാനും ഏതു ഭാഗമാണുള്ളത്. മുഴുവൻ പ്രപഞ്ചവും ഒരു ചങ്ങലയുടെ കണ്ണിയിൽ ഉൾപ്പെട്ടതാണെങ്കിൽ ഒരൊറ്റ ദൈവമാണ് അത് സൃഷ്ടിച്ചതെന്ന് അംഗീകരിക്കേണ്ടിവരും; അല്ലാഹുവിൽ എല്ലാ പ്രപഞ്ചത്തേയും സൃഷ്ടിക്കുന്നതിനുള്ള ശക്തിയില്ലെന്നും അതുകൊണ്ട് എല്ലാ ദൈവങ്ങളും ചേർന്ന് ജോലികൾ വീതിച്ചെടുത്തുവെന്നും മുൻകൂട്ടി നിശ്ചയിച്ച പദ്ധതിനുസരിച്ച് എല്ലാ ഓരോരുത്തരും അവരവരുടെ ഭാഗം പൂർത്തിയാക്കിയെന്നും പറയേണ്ടിവരും. പക്ഷേ, ഈ വിശ്വാസം അന്യാരാധകരുടേതുമല്ല. ആണെങ്കിൽത്തന്നെ ബുദ്ധിക്കുവിരുദ്ധവുമാണ്. കാരണം അപൂർണമായത് ദൈവമാകുകയില്ല. അതുകൊണ്ട് ഈ തെളിവ് നിലനില്ക്കെ ഒരേയൊരു ഫലമാണുണ്ടാകുന്നത്, ഇലാഹുക്കും ഇലാഹുൻ വ്വാഹിദ് നിങ്ങളുടെ ദൈവം ഏകനാണ്.

രണ്ടാമത്ത് വിഷയം ആദ്യത്തെ ആയത്തിൽ പറഞ്ഞിട്ടുള്ളത് ദൈവം പറയപ്പെടുന്ന എല്ലാ അസ്തിത്വവും മരിച്ചു കഴിഞ്ഞിരിക്കുന്നു. അങ്ങനെ അവർ മരിച്ചുകഴിഞ്ഞിരിക്കുന്ന സ്ഥിതിക്ക് ഒരേയൊരു ദൈവമണ് ബാക്കിയായിരിക്കുന്നത്, അവൻ മരണത്തിന്നതീതനാണ്. (തഫ്സീർ കബീർ, വാല്യം 4, പേജ് 151, പ്രസാധനം 2010 ഖാദിയാൻ)

ഹദീഥുന്നബവിﷺ
"ലയ്സൽ ഖബ്റു കൽമുആയനത്തി."
കേട്ടറിവ് കറിവുപോലെയല്ല.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

ഹദീഥുന്നബവിﷺ
"ത്വലബൽ ഹലാലി ജിഹാദുൻ."
അനുവദനീയമായ ഉപജീവനം നേടുന്നതും ജിഹാദാണ്.
tectona
tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 6 February 2025 Issue-06

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

**നമ്മുടെ ഉപദേശങ്ങളുടെ ആകസ്സാരം അഥവാ അതിന്റെ കഴമ്പ് ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് (അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ല; മുഹമ്മദ്ﷺ അവന്റെ ദൂതനാകുന്നു) എന്നത്രെ – ഹദ്‌റത്ത് മസീഹ് മൗഊദ്عليه السلام**

"നമ്മുടെ ഉപദേശങ്ങളുടെ ആകസ്സാരം അഥവാ അതിന്റെ കഴമ്പ് ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് (അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ല; മുഹമ്മദ്ﷺ അവന്റെ ദൂതനാകുന്നു) എന്നത്രെ. ഇവിടെ ഈ ലോകത്ത് നാം പുലർത്തിവരുന്നതും മറുലോകത്തേക്കു നാം കടക്കുന്ന സമയംവരെ ദൈവനുഗ്രഹത്താലും അവന്റെ സഹായത്താലും നമ്മോടു ഒട്ടിനില്ക്കുന്നതുമായ വിശ്വാസം ഇതാണ്. നമ്മുടെ ആത്മീയ നേതാവും യജമാനനുമായ ഹദ്‌റത്ത് മുഹമ്മദു മുസ്തഫാﷺ തിരുമേനി 'ഖാത്തമുന്നബിയ്യീ' നും 'ഖയ്റുൽമുർസലീ' നും ആകുന്നു. അവിടത്തെ കൈയാൽ മതത്തിനു പൂർണിമയും അനുഗ്രഹ പദവിയുടെ പരിപൂർത്തിയും വന്നു കഴിഞ്ഞു. അതു മുഖേന മനുഷ്യന് സത്യപാത കൈവരിച്ചുകൊണ്ട് അല്ലാഹുവിന്റെ അടുക്കലോളം എത്താനാവും. നാം സുദൃഢം വിശ്വസിക്കുന്നു വിശുദ്ധ ഖുർആൻ ഗ്രന്ഥങ്ങളുടെ മുദ്ര അതായത് എല്ലാ ദിവ്യഗ്രന്ഥങ്ങളിലും വച്ച് ഏറ്റവും ശ്രേഷ്ഠമായിട്ടുള്ള ഗ്രന്ഥമാണ്. അതിന്റെ നിശ്ചിത 'ശറഅ്'കളിൽ നിന്നും (നിയമങ്ങളിൽനിന്നും) അതിരുകളിൽനിന്നും കല്പനകളിൽനിന്നും വള്ളിപുള്ളി നീക്കുവാനോ അവയിൽ കൂട്ടിച്ചേർക്കുവാനോ പാടുള്ളതല്ല. വിശുദ്ധ ഖുർആനിലെ കല്പനകളെ റദ്ദാക്കുകയോ മാറ്റുകയോ ദുർബലപ്പെടുത്തുകയോ ഭേദപ്പെടുത്തുകയോ ചെയ്യുന്ന ഒരു വെളിപാടും ദൈവവചനവും ഉണ്ടായിരിക്കുന്നതല്ല. അത്തരം വിശ്വാസം ആരെങ്കിലും സ്വീകരിച്ചിട്ടുണ്ടെങ്കിൽ അയാൾ എന്റെ അഭിപ്രായത്തിൽ സത്യവിശ്വാസികളുടെ കൂട്ടത്തിൽ പെട്ടവനല്ല. അതുമുഖേന അയാൾ ഒരു അവിശ്വാസിയായിത്തീരുകയും ചെയ്യുന്നു." *(റൂഹാനീ ഖസായിൻ, വാള്യം 3, പേജ് 169, 170, ഇസാലയെ ഔഹാം പേജ് 137,138 ഒന്നാം പതിപ്പ്)*

**സന്തോഷവാർത്ത**

എറണാകുളം ജമാഅത്തിലെ മുബല്ലിഗ് മൗലവി മെഹ്ബൂബ് സാഹിബിനെ 2025 ജനുവരി 16 വ്യാഴാഴ്ച അല്ലാഹു മകനെ നല്കി അനുഗ്രഹിച്ചിരിക്കുന്നു. തഹ്‌രീക്കെ വഖ്ഫെനൗയിൽ അംഗമാണ്. ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് കുട്ടിയ്ക്ക് മർഗൂബ് അഹ്മദ് എന്ന് പേരിട്ടു. ചേലക്കര അഹ്മദിയ്യ ജമാഅത്തിലെ എം.നസ്വീർ അഹ്മദ് സാഹിബിന്റെ പൗത്രനും പുത്തൂർ മഠം ജമാഅത്തിലെ മുഹമ്മദലി സാഹിബിന്റെ ദൗഹിത്രനുമാണ് മർഗൂബ് അഹ്മദ്. അല്ലാഹു ദീർഘായുസ്സും എല്ലാവിധ അനുഗ്രഹങ്ങളും നല്കുമാറാകട്ടെ. *(രാജ ജമീൽ, ഇൻസ്പെക്ടർ ബദ്ർ വീക്കിലി)*

## *QUALIFICATION FOR NURSE/OTA MALE NURSE*

1.Candidate must have completed at least OTA/B.sc, Nursing/GNM course after 10+2(With subjects Physics, Chemistry and Biology).

2. He/She must have registered with Punjab Nurses Registration Council. (In case of non-registration , attach affidavit of transfer registration within six months)

3. He/She must have ability to read medical instructions.

4. Minimum 02 years' experience in a reputed hospital is needed.

5. The age of the candidate should note be more than 30 years. An exception may be considered according to the circumstances.

6. Grade: 9792-223-11576-14828-318-17372

7. Candidate must be healthy, good in religious and moral condition, polite. He/She must have a caring attitude towards patients and co-workers.

## QUALIFICATION FOR PHARMACIST

1.Candidate must have completed at least B. Pharmacy/D. Pharmacy from a registerd government institution after 10+2(With subjects Physics, Chemistry and Biology).

2. He/She must have registered with Pharmacy Council of Punjab. (In case of non-registration, attach affidavit of transfer registration within six months)

3. He/She must have ability to read medical instructions.

4. Minimum 02 years' experience in a reputed hospital is needed.

5. The age of the candidate should note be more than 30 years. An exception may be considered according to the circumstances.

6. Grade: 11063-302-13479-443-18795-506-22843

7. Candidate must be healthy, good in religious and moral condition, polite. He/She must have a caring attitude towards patients and co-workers.

## ESSENTIAL INSTRUCTIONS

1. Applications received within 2 months after the last announcement in TheWeekly Badr will be considered.

2. Interested candidate should send their applications on the printed form with the attested signature and seal of their Zilla Amir/Local Amir/Sadr Jama'at/Muballig In Charge.

3. In case of success in the interview, the candidate will have to undergo a medical examination from Noor Hospital Medical Board.

4. In case of selection, the candidate will have to arrange his own accommodation in Qadian.

5. All travel and medical expenses will be borne by thecandidate.

6. At the time of interview it is necessary for candidates to bring their orginal educational certificates with them.

*Note:The date of interview will be intimated to the candidates later.*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin